# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ

# (കെ എസ് ടി എ)

സംസ്ഥാന കമ്മിറ്റി, തൈക്കാട്, തിരുവനന്തപുരം – 14

## 28–ാം സംസ്ഥാന സമ്മേളനം

**2019 ഫെബ്രുവരി 8–10, തിരുവനന്തപുരം**

**സ. അഭിമന്യു നഗർ**

# പ്രമേയങ്ങൾ

**"നവകേരളം... നവോത്ഥാനം...
അതിജീവനം... പൊതുവിദ്യാഭ്യാസം..."**

### നവകേരള സൃഷ്ടിക്കായ് അണിനിരക്കുക

2016–ൽ അധികാരത്തിൽവന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നവകേരള മിഷനിലൂടെ കേരളത്തിന്റെ വികസനചരിത്രത്തിൽ പുതിയൊരധ്യായം രചിക്കുകയാണ്. കേവലമായ ഭരണനടപടികളല്ല മറിച്ച് ക്ഷേമകരമായ ജനജീവിതവും സുസ്ഥിര വികസനമാണ് സർക്കാർ ലക്ഷ്യം വെയ്ക്കുന്നത്. അധികാരത്തിൽ വരുന്ന സമയങ്ങളിലെല്ലാം ഇത്തരം കാഴ്ചപ്പാടോടുകൂടി പുതിയ പുതിയ പരിപാടികൾ മുന്നോട്ടുവെയ്ക്കുക എന്നത് എൽ.ഡി.എഫ്. സർക്കാരിന്റെ രീതിയാണ്. ആഗോളവൽക്കരണ നയങ്ങൾക്ക് ബദലുയർത്തി കേരളത്തെ മുന്നോട്ടുനയിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

ആറുപതിറ്റാണ്ട് കൊണ്ട് കേരളം കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുകയും വർത്തമാന കേരളം അഭിമുഖീകരിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് നവകേരള സൃഷ്ടിക്കായുള്ള കർമ്മപദ്ധതി പ്രഖ്യാപിച്ചത്. ലൈഫ്, ആർദ്രം, ഹരിതകേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നീ മിഷൻ പ്രവർത്തനങ്ങൾ ഇതിനിടയിൽ തന്നെ ജനഹൃദയങ്ങളിൽ സ്ഥാനംപിടിച്ചു കഴിഞ്ഞു.

ഉയർന്ന ജീവിതസൗകര്യവും ജീവനോപാധിയും ഉറപ്പാക്കുന്ന സമ്പൂർണ്ണ പാർപ്പിടപദ്ധതിയാണ് ലൈഫ്. വിവിധ ജനവിഭാഗങ്ങളുടെ പ്രത്യേകതകൾ കണക്കിലെടുത്തും വ്യത്യസ്ത പദ്ധതികളിലെ മാനദണ്ഡങ്ങൾ ഏകീകരിച്ചും ഒരു പൊതുസംവിധാനത്തിലൂടെ വീടില്ലാത്തവർക്ക് വീടുകൾ നൽകുന്ന പദ്ധതിയാണിത്. ഇതിന്റെ ഭാഗമായി നേരത്തെ മുടങ്ങികിടന്ന അമ്പതിനായിരം വീടുകളുടെ പണി പൂർത്തിയാക്കുവാനും 1½ ലക്ഷം പുതിയ വീടുകൾക്കാവശ്യമായ ധനസഹായം നൽകുവാനും കഴിഞ്ഞു.

ജലസംരക്ഷണവും മാലിന്യസംസ്കരണവും ജൈവ പച്ചക്കറികൃഷിയും കോർത്തിണക്കി രൂപകല്പന ചെയ്ത പദ്ധതിയാണ് ഹരിതകേരളം പദ്ധതി. ജലസമൃദ്ധി കാർഷികവി

കസനം എന്നിവ ഇണക്കിക്കൊണ്ടാണ് ഹരിതകേരളം മിഷൻ പ്രവർത്തിക്കുന്നത്. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുക വഴി വിഷരഹിതമായ പച്ചക്കറികളും മറ്റും ഉല്പാദിപ്പിക്കുന്ന തിനും ആവശ്യമായ പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുന്നു. സർക്കാർ നടപടികൾക്കുപു റമെ പൊതുസമൂഹം ആകെ ഈ പ്രവർത്തനം ഏറ്റെടുത്തിരിക്കുന്ന കാഴ്ചയാണ് ദൃശ്യമാവു ന്നത്.

മികച്ച ചികിത്സാ സൗകര്യങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കി ആരോഗ്യരംഗത്ത് സർക്കാർ സേവനങ്ങൾ ജനസൗഹൃദമാക്കാൻ ഉദ്ദേശിച്ചുകൊണ്ടാരംഭിച്ച ആർദ്രം പദ്ധതി ഏറെ മുന്നോട്ടുപോയിക്കഴിഞ്ഞു. ആശുപത്രി സംവിധാനത്തിനും രോഗിക്കും ഒരുപോലെ തൃപ്തി കരമാവുംവിധം സംവിധാനങ്ങളിൽ മാറ്റംവരുത്തിക്കൊണ്ട് ആരോഗ്യവകുപ്പ് മുന്നേറുകയാ ണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്ന പദ്ധതി അതിന്റെ പ്രഖ്യാപിതലക്ഷ്യം ഏറെക്കുറെ കൈവരിച്ചുകൊണ്ടു മുന്നോട്ടുപോവുകയാണ്. 3 ലക്ഷത്തിലധികം വിദ്യാർത്ഥി കൾ 2 വർഷത്തിനകം പൊതുവിദ്യാലയങ്ങളിലേക്ക് പുതുതായി വന്നു എന്നത് ആവേശകര മായ അനുഭവമാണ്. കോടിക്കണക്കിന് രൂപയാണ് പൊതുവിദ്യാഭ്യാസ യജ്ഞത്തിനുവേണ്ടി സർക്കാർ മുതൽമുടക്ക്. ഈ വർഷത്തെ ബഡ്ജറ്റിൽ മാത്രം മൂവായിരം കോടിയിലധികം രൂപ പൊതുവിദ്യാഭ്യാസത്തിനായി നീക്കിവെച്ചിരിക്കുന്നു. ഇത് സർവ്വകാല റെക്കോർഡാ ണ്. ഇതിനുപുറമെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, പൂർവ്വവിദ്യാർത്ഥി സംഘടനകൾ, പി.ടി.എ.കൾ, പ്രവാസികൾ, കമ്പനികളുടെ സാമൂഹിക പ്രതിബദ്ധതാ ഫണ്ടുകൾ എന്നിവ യൊക്കെ സമന്വയിപ്പിച്ച് വിദ്യാഭ്യാസ നവീകരണ പ്രവർത്തനങ്ങൾക്ക് അധികമൂലധനം സമാ ഹരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. നമ്മുടെ സംഘടനയും പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനായി വലിയ മുതൽമുടക്കാണ് നടത്തിയിട്ടുള്ളത്. 4500 ക്ലാസ്മുറി കൾ ഇതിനകം ഹൈടെക്ക് ആയി കഴിഞ്ഞു. അക്കാദമിക് നിലവാരം ഉയർത്തുന്നതിന് അന വധി പ്രവർത്തനങ്ങൾ നടക്കുന്നു.

ഇതിനിടയിലാണ് നിപ വൈറസ് ബാധ, ഓഖി, നൂറ്റാണ്ടുകണ്ട ഏറ്റവും കൊടിയ പ്രളയം എന്നിവ കേരളത്തെ പിടിച്ചുലച്ചത്. എന്നാൽ നിശ്ചയദാർഢ്യത്തോടെ ഇതിനെയെല്ലാം നേരിട്ട് അതിജീവനത്തിന്റെ പുതിയ മാതൃക ലോകത്തിന് കാണിച്ചുകൊടുക്കാനും യു.എൻ.അടക്ക മുള്ള അന്താരാഷ്ട്ര ഏജൻസികളുടെ പ്രശംസ പിടിച്ചുപറ്റാനും സർക്കാരിനു കഴിഞ്ഞു.

സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി മുന്നോട്ടു പോകുന്ന ഘട്ടത്തിൽ സർക്കാരിനെതിരെ വലിയ ഗൂഢാലോചനകളാണ് നടക്കുന്നത്. സുപ്രീംകോടതിയുടെ ശബ രിമലയിലെ സ്ത്രീ പ്രവേശനം സംബന്ധിച്ച വിധിയെ മറയാക്കി ആസൂത്രിത ആക്രമണങ്ങ ളാണ് സംഘപരിവാറും യു.ഡി.എഫും നടത്തിക്കൊണ്ടിരിക്കുന്നു. കേന്ദ്രഗവൺമെന്റിനെ ഉപ യോഗിച്ച് കേരള സർക്കാരിനെ പിരിച്ചുവിടുമെന്ന ഭീഷണി മുഴക്കുന്ന സാഹചര്യം വരെയു ണ്ടായി. രാജ്യത്തിനാകെ മാതൃകയായി, ആഗോളവൽക്കരണ നയങ്ങൾക്ക് ബദൽ ഉയർത്തി നവകേരള വൃഷ്ടിക്കായ് കേരള സർക്കാർ മുന്നോട്ടുവെയ്ക്കുന്ന കർമ്മപദ്ധതികളിൽ മുഴു വൻ അധ്യാപകരും അണിനിരക്കണമെന്ന് ഈ സമ്മേളനം ആഹ്വാനം ചെയ്യുന്നു.

## മതനിരപേക്ഷ - നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കാൻ അധ്യാപകർ രംഗത്തിറങ്ങുക

"ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാ

സ്ഥാനമാണിത്'' 1888ൽ അരുവിപ്പുറത്ത് ശ്രീനാരായണഗുരു കോറിയിട്ട ഈ വരികളാണ് മലയാള നാടിന്റെ മനസ്സ്. ശിലപോലെ ഉറച്ച് കേരളത്തിന്റെ സാഹോദര്യത്തിന്റെ കരുത്തിന് മുന്നിലാണ് എല്ലാ വർഗ്ഗീയ ഛിദ്രശക്തികളും എന്നും എക്കാലവും തോറ്റുപിന്മാറിയിട്ടുള്ളത്. ഇന്ത്യൻ മതേതരത്വത്തിന്റെ കൊടിയശത്രുവായ സംഘപരിവാർ പരാജയപ്പെടുന്നതും കേരളത്തിന്റെ ഈ കോട്ടപോലെ ഉറച്ച സാഹോദര്യത്തിന്റെ, മതനിരപേക്ഷ മനസ്സിന്റെ കരുത്തിന് മുന്നിൽ മാത്രമാണ്. ഈ നാടിന്റെ പുരോഗതിയ്ക്കും അഭിവൃദ്ധിക്കും ഇന്ധനം പകരുന്ന കേരളീയ നവോത്ഥാന മൂല്യങ്ങളെ തകർത്ത്, സാഹോദര്യത്തിന്റെ കരുത്തിനെ ശിഥിലമാക്കി കേരളത്തെ കീഴ്പ്പെടുത്താൻ സംഘപരിവാർ നിരവധി ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ആ ശ്രമങ്ങളിൽ ഒടുവിലത്തേതാണ് 'ശബരിമല'.

സുപ്രീംകോടതി വിധിയെയും ഭരണഘടനാമൂല്യങ്ങളെയും പരസ്യമായി വെല്ലുവിളിച്ച് സംഘപരിവാർ കേരളത്തിൽ അരാജകത്വം സൃഷ്ടിക്കാൻ ശ്രമിക്കുകയാണ്. സംഘപരിവാർ നേതാക്കൾ വെളിപ്പെടുത്തിയതുപോല 'സുവർണ്ണാവസരമാണ്' അവർക്ക് ശബരിമല. ഭക്തിയും വിശ്വാസവുമല്ല, 'സിംഹാസന'ത്തിലേക്കുള്ള സാധ്യതമാത്രമാണ് സംഘപരിവാരത്തിന് ശബരിമല. സുപ്രീംകോടതിയിൽ യുവതീപ്രവേശവുമായി ബന്ധപ്പെട്ട ഹർജി ഫയൽ ചെയ്തവരുടെ രാഷ്ട്രീയ ആഭിമുഖ്യം ഇതിനകം തന്നെ വെളിപ്പെട്ടുകഴിഞ്ഞു. ആർ.എസ്.എസിന്റെ നിരവധി പ്രമുഖരായ നേതാക്കൾ ഔദ്യോഗികമായി തന്നെ ശബരിമല ഉൾപ്പെടെ എല്ലാ ക്ഷേത്രങ്ങളിലും യുവതികൾ ഉൾപ്പെടെ എല്ലാ സ്ത്രീകൾക്കും പ്രവേശനം അനുവദിക്കണമെന്ന നിലപാട് പലയാവർത്തി പ്രഖ്യാപിച്ചിട്ടുള്ളതാണ്. പത്രങ്ങളിൽ വർഷങ്ങൾക്ക് മുമ്പ് തന്നെ ബി.ജെ.പി. നേതാവ് ഒ.രാജഗോപാൽ യുവതികളെ പ്രവേശിപ്പിക്കാൻ ആവശ്യമായ അവസരമൊരുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ബി.ജെ.പി. ഭരിക്കുന്ന മഹാരാഷ്ട്രയിലെ ശനി ഷിഡ്നാപൂർ ക്ഷേത്രത്തിൽ സമാനസ്വഭാവമുള്ള വിധി ഉടനടി നടപ്പിലാക്കിയ അനുഭവം നമ്മുടെ മുന്നിലുണ്ട്. ക്ഷേത്രങ്ങളിലെ യുവതി/സ്ത്രീ പ്രവേശനം സംബന്ധിച്ച് ആർ.എസ്.എസിന്റെ നിലപാട് സുപ്രീംകോടതി വിധിയോട് യോജിക്കുന്നതായിരിക്കെ പിന്നെയെന്തിനാണ് ആ വിധിക്കെതിരെ കേരളത്തിൽ കലാപം സൃഷ്ടിക്കുന്നതെന്ന യുക്തിഭദ്രമായ ചോദ്യത്തിന് സംഘപരിവാരത്തിന് മറുപടിയൊന്നുമില്ല. കലാപമുണ്ടാക്കി വർഗ്ഗീയസ്പർദ്ദ വളർത്തി രാഷ്ട്രീയലാഭമുണ്ടാക്കാനുള്ള നീചമായ ശ്രമമാണ് സംഘപരിവാറിന്റേത്. ഈ ശ്രമത്തെ നമുക്ക് പരാജയപ്പെടുത്തിയേ മതിയാവൂ.

ശബരിമലയിൽ പോലീസ് നടപടി ബോധപൂർവ്വം ക്ഷണിച്ചുവരുത്തി സർക്കാർവിരുദ്ധ കലാപത്തിന് ഇന്ധനം പകരാനാണ് ആർ.എസ്.എസ്. ശ്രമം. ഇതിനായി വലിയ ഗൂഢാലോചന ആർ.എസ്.എസ്. ആസൂത്രണം ചെയ്തിരിക്കുകയാണ്. നാഗ്പൂരിൽനിന്നും, അമിത്ഷായിൽ നിന്നും നേരിട്ടുള്ള നിർദ്ദേശങ്ങളാണ് കേരളത്തിലെ ആർ.എസ്.എസും ബി.ജെ.പിയും നടപ്പിലാക്കുന്നത്. ഇതിന്റെ സൂചനയാണ് കഴിഞ്ഞ വിജയദശമി ദിനത്തിൽ നാഗ്പൂരിൽ ആർഎസ്എസ് നേതാക്കളും, കണ്ണൂരിൽ ബിജെപി അഖിലേന്ത്യാ അധ്യക്ഷനും നടത്തിയ പ്രസംഗങ്ങൾ. മറ്റ് സംസ്ഥാനങ്ങളിൽ വർഗ്ഗീയകലാപം ഉണ്ടാക്കി വോട്ടുനേടുന്ന തന്ത്രം തന്നെയാണ് കേരളത്തിലും സംഘപരിവാർ ആസൂത്രണം ചെയ്തിരിക്കുന്നത്. രാമജന്മഭൂമി പ്രശ്നം ഒരു ഹിസ്റ്റീരിയപോലെ പടർത്തി അധികാര കൊയ്ത്ത് നടത്തിയതുപോലെ ശബരിമലയെ മുൻനിർത്തി സംഘപരിവാർ ഗൂഢമായ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുകയാണ്. കേരള ഗവൺമെന്റും ആഭ്യന്തരവകുപ്പും ഇക്കാര്യത്തിൽ സമചിത്തതയോടെയും ഭരണഘടനാപരവുമായാണ് പ്രവർത്തിക്കുന്നത് എന്നതാണ് മതേതരമനസ്സുകൾക്ക് ആശ്വാസവും പ്രതീക്ഷയും പകരുന്നത്.

നാടിനെ തകർക്കാനുള്ള സംഘപരിവാർ ഗൂഢാലോചനയ്ക്കെതിരെ അണിനിരക്കാൻ രാഷ്ട്രീയബാധ്യതയുള്ള കോൺഗ്രസ്സും യുഡിഎഫും ആർ.എസ്.എസ്. കെണിയിൽ വീഴുന്നത് മതേതര കേരളം സഹതാപത്തോടെ കണ്ടുനിൽക്കുകയാണ്. എ.ഐ.സി.സി. അദ്ധ്യക്ഷൻ ചരിത്രപരമെന്ന് പറഞ്ഞു സ്വാഗതംചെയ്ത സുപ്രീംകോടതി വിധിക്കെതിരായാണ് കേരളത്തിലെ കോൺഗ്രസ് കലാപം നടത്തുന്നത്. സുപ്രീംകോടതി വിധിയെ ആദ്യം സ്വാഗതം ചെയ്ത പ്രതിപക്ഷ നേതാവ് പൊടുന്നനെ നിലപാട് മാറ്റി. കോൺഗ്രസ്, കേരളത്തിലെ ബി.ജെ.പി. അദ്ധ്യക്ഷന്റെ 'അജണ്ടയിൽ' വീണു. ബി.ജെ.പിയെപോലെത്തന്നെ വോട്ടുമാത്രമാണ് കോൺഗ്രസ് നിലപാടിനും പ്രേരണയാകുന്നത്. നാല് വോട്ടിനുവേണ്ടി നാടിനെ തകർക്കാൻ മടികാണിക്കാത്ത ഇക്കൂട്ടർക്ക് ചരിത്രം മാപ്പ് നൽകില്ല.

കേരളത്തിന്റെ ചരിത്രത്തിൽ വർഗ്ഗീയധ്രുവീകരണത്തിനായി സംഘപരിവാർ നിരവധി ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ആ ശ്രമങ്ങളെയെല്ലാം പരാജയപ്പെടുത്തിയ അനുഭവമാണ് നമുക്ക് സ്വന്തമായുള്ളത്. തലശ്ശേരി വർഗ്ഗീയ കലാപവും നിലയ്ക്കൽ കലാപവും രാമജന്മഭൂമി പ്രശ്നത്തെ മുൻനിർത്തി കേരളത്തിൽ സംഘപരിവാർ ആസൂത്രണം ചെയ്ത ഗൂഢമായ പദ്ധതികളും ഏറ്റവുമൊടുവിൽ കത്വാപ്രശ്നത്തിൽ നിന്നും ശ്രദ്ധതിരിക്കുന്നതിനായി മുസ്ലീം മതവികാരം ഇളക്കിവിട്ട് നാട്ടിൽ വർഗ്ഗീയകലാപം ഉണ്ടാക്കാൻ ശ്രമിച്ച വാട്ട്സ്ആപ്പ് ഹർത്താലും തുടങ്ങി സംഘപരിവാറിന്റെ എല്ലാ ഹീനതന്ത്രങ്ങളെയും അതിജീവിച്ചവരാണ് മലയാളികൾ. ശബരിമല മുൻനിർത്തി വിശ്വാസിസമൂഹത്തിനിടയിൽ വലിയ ആശയക്കുഴപ്പം സൃഷ്ടിക്കാൻ ആർ.എസ്.എസ്. ശ്രമിക്കുകയാണ്. വർഷങ്ങളായി തുടർന്നുവരുന്ന ഏത് ആചാരവും മാറ്റുമ്പോൾ അത് അനുവർത്തിക്കുന്ന വിഭാഗങ്ങൾക്കിടയിൽനിന്ന് പ്രതിഷേധങ്ങൾ ഇന്നലെകളിലും ഉയർന്നിട്ടുണ്ട്. സതി ഉൾപ്പെടെയുള്ള ആചാരങ്ങൾ നിരോധിച്ചപ്പോൾപോലും അതുൾക്കൊള്ളാൻ സ്ത്രീകൾ ഉൾപ്പെടെയുള്ള വിശ്വാസി സമൂഹത്തിന് സാധിച്ചില്ല എന്നത് നാം ഓർക്കണം. എന്നാൽ വിശ്വാസികളുടെ സ്വാഭാവികമായ അഭിപ്രായവ്യത്യാസത്തെ തങ്ങളുടെ രാഷ്ട്രീയ ലാഭത്തിനായി സംഘപരിവാറും കോൺഗ്രസ്സും ഇവിടെ ഉപയോഗിക്കുന്നു എന്നതാണ് പ്രശ്നം. ശ്രീധരൻപിള്ളയുടെ പ്രസംഗത്തിലൂടെ സംഘപരിവാറിന്റെ ഈ രാഷ്ട്രീയലക്ഷ്യമാണ് അനാവരണം ചെയ്യപ്പെട്ടത്. മാസപൂജയ്ക്കായി നടതുറന്നപ്പോഴും ചിത്തിര ആട്ടപൂജയ്ക്കായി നട തുറന്നപ്പോഴും നിലയ്ക്കലും പമ്പയിലും സന്നിധാനത്തും ആർ.എസ്.എസ്. ആസൂത്രണംചെയ്ത് നടപ്പിലാക്കിയത് ലക്ഷണമൊത്ത ക്രിമിനൽ പ്രവർത്തനമാണ്. കേരളത്തിനകത്തും പുറത്തുനിന്നുമായി ആർ.എസ്.എസ്. നേതൃത്വത്തിൽ റിക്രൂട്ട് ചെയ്ത ക്രിമിനൽസംഘങ്ങൾ സന്നിധാനത്ത് അക്രമം അഴിച്ചുവിട്ടു. ഭക്തജനങ്ങളെ കൈയ്യേറ്റം ചെയ്തു. ഇന്ത്യയിലെത്തന്നെ ഏറ്റവും വലിയ തീർത്ഥാടനകേന്ദ്രങ്ങളിൽ ഒന്നായ ശബരിമലയിൽ ആധിപത്യം സ്ഥാപിക്കാനുള്ള അവസരമായാണ് സംഘപരിവാർ ഈ സാഹചര്യത്തെ കാണുന്നത്. ഇതിനെതിരെ വിശ്വാസി സമൂഹം പ്രതികരിക്കണം. ദേവസ്വംബോർഡിന്റെ കീഴിൽ വേതനം പറ്റി ജോലിചെയ്യുന്ന തന്ത്രി ബി.ജെ.പി. അദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം പ്രവർത്തിക്കുന്ന കാഴ്ച വിശ്വാസികളിലും മതേതരസമൂഹത്തിലും ഞെട്ടലുണ്ടാക്കി.

സവർണ്ണാധിപത്യത്തിനെതിരായ മഹാമുന്നേറ്റമായിരുന്നു നവോത്ഥാനം. നവോത്ഥാനത്തിന്റെ നന്മകളിലൂടെ നാം നേടിയെടുത്തത് ബ്രാഹ്മണിക്കൽ മേധാവിത്വത്തിനും അവർണ്ണർക്കുമേലുള്ള അവരുടെ അധീശത്വത്തിനുമെതിരായ വിജയമായിരുന്നു. ആചാരങ്ങൾ സംരക്ഷിക്കണമെന്ന് മുറവിളി കൂട്ടുന്നവർ യഥാർത്ഥത്തിൽ ബ്രാഹ്മണിക്കൽ ആചാരങ്ങൾ സംരക്ഷിക്കാനാണ് കലാപം ഉണ്ടാക്കുന്നത്. ജാതീയമായ വേർതിരിവുകളില്ലാത്ത ഒരു സമൂഹത്തിലേക്കുള്ള പ്രയാണത്തെ തടസപ്പെടുത്തുന്ന പുനരുത്ഥാന നീക്കമാണ് ഇന്ന് നടക്കു

ന്നത്. നവോത്ഥാനമൂല്യങ്ങൾ തകർക്കാനും സവർണ്ണ ബ്രാഹ്മണിക്കൽ മേധാവിത്വം നടപ്പാക്കാനും രാജഭരണത്തെ വാഴ്ത്താനും സംഘപരിവാർ ശ്രമിക്കുന്നു. ഇതിനെതിരെ മതേതര ജനാധിപത്യ വിശ്വാസികളുടെ ഐക്യനിര ശക്തിപ്പെടണം.

കേരളത്തിന്റെ മതനിരപേക്ഷ മൂല്യങ്ങൾ സംരക്ഷിക്കാനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർക്കാരും ഇടതുപക്ഷ ജനാധിപത്യമുന്നണിയും ചരിത്രപരമായ ഒരു ദൗത്യം ഏറ്റെടുത്തിരിക്കുന്നത് ആവേശത്തോടെയാണ് നാം കാണുന്നത്. കേരളത്തിന്റെ ഭാവി ഇരുളടഞ്ഞതാക്കാൻ ഒരു ശക്തിയെയും കെ.എസ്.ടി.എ. അനുവദിക്കില്ല. രണ്ടാം വിമോചനസമരനീക്കത്തിനെതിരെ നാം സംഘടിപ്പിച്ച നവോത്ഥാന സദസ്സുകൾ കേരളത്തിന്റെ പൊതുമണ്ഡലത്തോട് പങ്കുവച്ച പുരോഗമന ചിന്തകൾ സമൂഹത്തിൽ സ്വാധീനംചെലുത്തിയിട്ടുണ്ട്. ഇനിവരുന്ന ദിവസങ്ങളിൽ കൂടുതൽ കരുത്തുറ്റ പ്രതിരോധനിര പടുത്തുയർത്താൻ സംഘടന പ്രതിജ്ഞാബദ്ധവുമാണ്. വർഗ്ഗീയ കോമരങ്ങൾക്ക് അഴിഞ്ഞാടാനുള്ളതല്ല കേരളം. കലാപനീക്കങ്ങൾ ശക്തമായി നേരിടുന്ന സർക്കാരിന് കെ.എസ്.ടി.എ. പൂർണ്ണപിന്തുണ പ്രഖ്യാപിക്കുന്നു. കേരളത്തെ വർഗ്ഗീയശക്തികൾക്ക് അടിയറവയ്ക്കില്ലെന്ന നിലപാടുള്ള മുഴുവൻ പുരോഗമന ശക്തികളോടും വ്യക്തികളോടും കെ.എസ്.ടി.എ. ഐക്യപ്പെടും. സംഘപരിവാരത്തിന്റെ കലാപനീക്കങ്ങൾക്കും കൊലവിളികൾക്കും നടുവിൽ നിശബ്ദരാകാൻ കഴിയില്ല. ഭരണഘടനയും, കേരളത്തിന്റെ പുരോഗമന സ്വഭാവവും മതേതരത്വവും കാത്തുസൂക്ഷിക്കുവാനുള്ള മഹാപോരാട്ടത്തിൽ അണിനിരക്കണമെന്ന് മുഴുവൻ അധ്യാപകരോടും കേരളത്തിന്റെ മുഴുവൻ മതേതര ജനാധിപത്യ മനസ്സുകളോടും കെ.എസ്.ടി.എ. ഇരുപത്തിയെട്ടാം സംസ്ഥാന സമ്മേളനം പ്രമേയത്തിലൂടെ അഭ്യർത്ഥിക്കുന്നു.

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ശക്തിപ്പെടുത്തുക

പൊതുവിദ്യാലയങ്ങൾ അതിഗുരുതരമായ പ്രതിസന്ധി നേരിടുകയും പലതും അടച്ചുപൂട്ടൽ ഭീഷണിയിലാകുകയും ചെയ്ത ഘട്ടത്തിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിലെത്തുന്നത്. പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കുക എന്നത് മുഖ്യചുമതലകളിലൊന്നായി തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ തന്നെ എൽ.ഡി.എഫ്. പ്രഖ്യാപിച്ചിരുന്നു. പൊതുവിദ്യാഭ്യാസരംഗത്തെ ഇടപെടലിന് സഹായകമായ പഠനങ്ങളും പ്രവർത്തനങ്ങളും കെ.എസ്.ടി.എ. മുൻകൂട്ടി നടത്തുകയും ചെയ്തിരുന്നു. ഇതിന്റെയെല്ലാം ഫലമായി കേരളത്തിന്റെ വികസനകുതിപ്പിന് ആക്കം കൂട്ടാൻ സർക്കാർ പ്രഖ്യാപിച്ച 4 മിഷനുകളിൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം.

സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പരിപാടിയിലൂടെ അതിവിപുലമായ പ്രവർത്തനങ്ങളാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണമെന്നാൽ ഭൗതിക സംവിധാനങ്ങളുടെ സൗകര്യമൊരുക്കൽ മാത്രമല്ല. ഓരോ വിദ്യാലയവും സമൂഹത്തിന്റെ പ്രതീക്ഷയ്ക്കൊത്ത് ഉയരണം. കുട്ടികളുടെ പഠന നിലവാരം അഭിലഷണീയ തലത്തിലെത്തിച്ച് സമൂഹത്തിന്റെ വിശ്വാസ്യത ആർജ്ജിക്കണം. ഓരോ ക്ലാസിലും എത്തുന്ന കുട്ടികൾ അവരുടെ കഴിവിനനുസരിച്ച് പരമാവധി ശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തണം. മാതൃഭാഷാ പ്രാവീണ്യം നേടണം. അധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള ആശയവിനിമയം കാര്യക്ഷമമാക്കണം. നൂതനമായ സാങ്കേതിക നൈപുണ്യ പരിശീലനം ഉറപ്പാക്കണം. ആകർഷകമായ പ്രീ സ്കൂൾ സംവിധാനം വേണം. കലാ-കായിക പ്രവൃത്തിപരിചയത്തിന് എല്ലാ വിദ്യാർത്ഥികൾക്കും അവസരം ഒരുക്കണം. ശക്തമായ അക്കാദമിക് മോണിറ്ററിംഗും അതിന

നുസൃതമായ മെച്ചപ്പെടുത്തലും ഉണ്ടാകണം. സ്കൂൾ - സാമൂഹ്യ സംവിധാനങ്ങളെ (പി.ടി.എ, എസ്.എം.സി, എസ്.എസ്.ജി) കാര്യക്ഷമമാക്കണം. ഉച്ചഭക്ഷണ വിതരണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കി കാര്യക്ഷമമാക്കണം എന്നിങ്ങനെ വിദ്യാഭ്യാസത്തിന്റെ സമസ്തമേഖലകളേയും സ്പർശിക്കുന്ന പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

45000 ക്ലാസ്മുറികൾ ഹൈടെക് ആക്കുന്നതിന് 500 കോടി രൂപ, ഒരു മണ്ഡലത്തിൽ ഒന്നുവീതം സ്കൂളിന് 5 കോടി രൂപ വീതം, 141 സ്കൂളുകൾക്ക് 705 കോടി രൂപ, 100 കുട്ടികളിൽ കൂടുതലുള്ള 239 വിദ്യാലയങ്ങൾക്ക് 3 കോടി രൂപ വച്ച് 717 കോടി രൂപ, മണ്ഡലത്തിൽ ഒന്നുവീതം എൽ.പി/യു.പി. സ്കൂളുകൾക്ക് 1 കോടി വീതം വച്ച് 140 കോടി, എയ്ഡഡ് സ്കൂളുകൾക്ക് 1 കോടി വീതം വച്ച് 140 കോടി, എയ്ഡഡ് സ്കൂളുകൾക്ക് ഉൾപ്പെടെ ചലഞ്ച് ഫണ്ട്, മണ്ഡലത്തിൽ ഒന്നുവീതം നീന്തൽക്കുളം, കലാ-സാംസ്ക്കാരിക പാർക്ക്, 850 ജൈവ വൈവിധ്യപാർക്കുകൾ എന്നിങ്ങനെ ആകെ 2527 കോടി രൂപയാണ് കഴിഞ്ഞ ബഡ്ജറ്റിൽ ഗവൺമെന്റ് പൊതുവിദ്യാഭ്യാസ മേഖലക്കായി നീക്കിവെച്ചത്. അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു. ഹലോ ഇംഗ്ലീഷ്, മലയാളത്തിളക്കം, സുരലീഹിന്ദി, ശ്രദ്ധ, നവപ്രഭ എന്നിവ ഇവയിൽ ചിലതാണ്. ഓരോ പദ്ധതിയേയും സൂക്ഷമതലത്തിൽ പ്രായോഗികവൽക്കരിക്കാൻ നാം തന്നെ മുന്നിൽ നിൽക്കേണ്ടതുണ്ട്. ശുചിത്വപൂർണ്ണവും ആകർഷകവുമായ വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ ഉച്ചഭക്ഷണ പരിപാടി മികവുറ്റതാക്കൽ കലാ-കായിക പ്രവൃത്തിപരിചയ മേഖലകളിൽ കൂടുതൽ ശ്രദ്ധയോടെയുള്ള പ്രവർത്തനങ്ങൾ എന്നിവയും പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടപ്പാക്കുന്നു. ഈ വർഷത്തെ ബഡ്ജറ്റിലും മൂവായിരം കോടിയലധികം രൂപ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് നീക്കിവെച്ചുകൊണ്ട് സർവകാല റെക്കോർഡ് സൃഷ്ടിച്ചിരിക്കുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ സംഘാടകരായി നാം മുന്നിൽ നിൽക്കുന്നത് ഒരു പ്രക്ഷോഭ പ്രവർത്തനം എന്ന നിലയ്ക്ക് തന്നെയാണ്. ഇന്നുള്ള പോരായ്മകൾ പരിഹരിക്കുകയും കൂടുതൽ ജാഗ്രതയോടെ ഈ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുകയും വേണം. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കുട്ടികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് ശ്രദ്ധേയമാണ്. പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞം നടപ്പാക്കിയതിന് ശേഷം മൂന്ന് ലക്ഷത്തിലധികം കുട്ടികൾ പുതുതായി പൊതുവിദ്യാഭ്യാസ മേഖലയിലേക്ക് കടന്നുവന്നു. ചരിത്രത്തിലാദ്യമായി അൺ എയ്ഡഡ് മേഖലയിൽ കുട്ടികൾ കുറഞ്ഞതും ബഹുജനങ്ങൾക്കിടയിൽ നാം കൂടി മുന്നിട്ടിറങ്ങി നടത്തിയ വിപുലമായ പ്രചരണ പ്രവർത്തനങ്ങളുടെ ഭാഗമായാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ഫലപ്രാപ്തിയിൽ എത്തേണ്ടത് അധ്യാപക സമൂഹത്തിന്റെയും ആവശ്യമാണ്. ഈ നിലയ്ക്ക് തികഞ്ഞ ജാഗ്രതയോടെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിജയിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടണമെന്ന് ഈ സമ്മേളനം അധ്യാപക സമൂഹത്തോട് ആഹ്വാനംചെയ്യുന്നു.

## ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ജനപക്ഷ നിലപാടുകൾക്ക് കരുത്ത് പകരുക

കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ പ്രവർത്തനത്തിന്റെ 3 വർഷം പൂർത്തിയാക്കുകയാണ്. നവകേരള മിഷനിലൂടെ കേരളത്തിന്റെ വികസനചരിത്രത്തിൽ പുതിയൊരദ്ധ്യായം രചിക്കുകയാണ് എൽ.ഡി.എഫ് സർക്കാർ. കേരളത്തിന്റെ പരിസ്ഥിതിയും, ജൈവവൈവിധ്യവും സംരക്ഷിക്കുന്നതിനും ജനതയുടെ ജീവിതനിലവാരം ഉയർത്താൻ സഹായിക്കുന്നതുമായ ഇടതുപക്ഷ വികസന പരിപ്രേക്ഷ്യമാണ് ഗവൺമെന്റ് നടപ്പിലാക്കു

ന്നത്. കൃഷിയും വ്യവസായവും തകർക്കുന്ന തൊഴിൽരഹിതമായ വളർച്ചയെയാണ് ഇടതുപക്ഷ ബദൽ മാതൃകയിലൂടെ കേരളം മറികടക്കുന്നത്. സമസ്ത മേഖലകളിലും പുത്തൻ ഉണർവിന്റെ വിത്തുപാകാൻ ഇക്കാലയളവിൽ എൽ.ഡി.എഫ്. ഭരണത്തിന് കഴിഞ്ഞിട്ടുണ്ട്.

ആറുപതിറ്റാണ്ട് കൊണ്ട് നാം കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുകയും പുതിയ തലത്തിലേക്ക് ഉയർത്തുകയും ചെയ്യുക എന്ന ലക്ഷ്യമിട്ടുകൊണ്ടാണ് 2016-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. ഗവൺമെന്റ് നവകേരള സൃഷ്ടിക്കായുള്ള കർമ്മപദ്ധതി മുന്നോട്ടുവച്ചത്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിലെ മുഖ്യഭാഗമായിരുന്നു നവകേരള സൃഷ്ടി. ഇതിനായി നാല് മിഷനുകൾ ഗവൺമെന്റ് മുന്നോട്ടുവെച്ചു. വീടില്ലാത്തവർക്ക് വീട് നൽകുന്ന ലൈഫ്. സമഗ്രാരോഗ്യ സുരക്ഷാ പദ്ധതിയായ ആർദ്രം, കേരളത്തിന്റെ പരിസ്ഥിതിയെ കാത്ത് സംരക്ഷിക്കാനും, മാലിന്യ മുക്തമാക്കാനും ലക്ഷ്യമിടുന്ന ഹരിതകേരളം, വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം - ഇത്തരത്തിൽ നിശ്ചയദാർഢ്യത്തത്തോടെ ഗവൺമെന്റ് മുന്നോട്ട് പോകുന്നു. മറ്റ് വികസന മേഖലകളിലും വലിയ ചലനമാണ് ഇതിനോടകം സൃഷ്ടിച്ചിട്ടുള്ളത്. കൊച്ചി മെട്രോയും കണ്ണൂർ വിമാനത്താവളവും വിഴിഞ്ഞം പദ്ധതിയുമെല്ലാം വേഗത്തിൽ തീർക്കാനും, മുന്നോട്ടു കൊണ്ടുപോകാനും കഴിഞ്ഞു. തിരുവനന്തപുരം - കോഴിക്കോട് ലൈറ്റ് മെട്രോ, കാസർഗോഡ് - തിരുവനന്തപുരം ദേശീയ ജലപാതാ വികസനം, ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി, കോഴിക്കോട്, തിരുവനന്തപുരം വിമാനത്താവളങ്ങളുടെ വിപുലീകരണം തുടങ്ങി നിരവധി വികസന പദ്ധതികൾ ജനങ്ങളിൽ ഏറെ പ്രതീക്ഷ വളർത്തിയിട്ടുണ്ട്.

രാജ്യമാകെ പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുതുലയ്ക്കുകയോ തകർത്തെറിയുകയോ ചെയ്യുമ്പോൾ കേരളം നഷ്ടത്തിലായിരുന്ന 13 പൊതുമേഖലാ സ്ഥാപനങ്ങളെ ഒരുവർഷം കൊണ്ട് ലാഭത്തിലാക്കി. കേരളം ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമാണെന്ന് സെന്റർ ഫോർ മീഡിയ സർവ്വേ റിപ്പോർട്ട് വെളിപ്പെടുത്തുന്നു. ക്രമസമാധാനത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ മികച്ച സംസ്ഥാനമായി കേരളത്തെ ഇന്ത്യാ ടുഡേ തെരഞ്ഞെടുത്തു. ജനമൈത്രി പോലീസ് ഫലപ്രദമായി നടപ്പിലാക്കിയതിന് കേന്ദ്രത്തിന്റെ പ്രത്യേക അവാർഡ് കേരളത്തിന് ലഭിച്ചു. വർഗ്ഗീയ സംഘർഷങ്ങളില്ലാത്ത സംസ്ഥാനമായി കേരളം മാറി. മാതൃഭാഷയിൽ ഭരണവും വിദ്യാഭ്യാസവും കോടതി വ്യവഹാരങ്ങളും നടത്താൻ കർശനമായി നിർദ്ദേശിക്കുന്ന നിയമം കേരള നിയമസഭ പാസാക്കി.

സ്ത്രീ സുരക്ഷിതത്വം സർക്കാരിന്റെ പ്രധാന അജണ്ടയാണ്. പോലീസ് സേനയിൽ 15% സ്ത്രീ പങ്കാളിത്തം ഉറപ്പാക്കി. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ തുക വർദ്ധിപ്പിച്ചുവെന്നു മാത്രമല്ല, കൃത്യമായി വീട്ടിൽ എത്തിച്ചുകൊടുത്തു. ആദിവാസി - ദളിത് ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചു. നഴ്സുമാർ, അങ്കണവാടി -പ്രീപ്രൈമറി അധ്യാപകർ, ആയമാർ എന്നിവരുടെ ഓണറേറിയം മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചു. ട്രാൻസ്ജെൻഡർ വിഭാഗത്തിന് സർക്കാർ ഏറെ പരിഗണനയും സുരക്ഷയും ഉറപ്പുവരുത്തി. ബഡ്ജറ്റിൽ പ്രഖ്യാപിച്ച വികസന പ്രവർത്തനങ്ങൾക്ക് അനുബന്ധമായി അൻപതിനായിരം കോടി രൂപയുടെ വൻകിട പദ്ധതികൾകൂടി നടപ്പിലാക്കാൻ കിഫ്ബിയിലൂടെ സൗകര്യമുണ്ടാക്കി.

വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി കഴിഞ്ഞ ഓണക്കാലത്ത് 20 കോടി രൂപയാണ് സർക്കാർ ഖജനാവിൽ നിന്നും ചെലവിട്ടത്. പ്രവാസികളുടെ ക്ഷേമകാര്യങ്ങളിൽ ഏറ്റവും വലിയ ഇടപെടലുകളാണ് എൽ.ഡി.എഫ്. സർക്കാർ നടത്തുന്നത്. പ്രവാസികളെയും നിയമ

സഭാ പാർലമെന്റ് ജനപ്രതിനിധികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ലോക കേരളസഭ രാജ്യത്തിനാകെ മാതൃകയാണ്. കോർപ്പറേറ്റ് ഭീമന്മാർ ചെറുബാങ്കുകളെ വിഴുങ്ങിക്കൊണ്ടിരിക്കുമ്പോൾ അതിനെ പ്രതിരോധിക്കാനും ധനകാര്യമേഖലയെ സുസ്ഥിരീകരിക്കുന്നതിനുമായി രൂപീകരിക്കുന്ന കേരള ബാങ്ക് ധനകാര്യമേഖലയിലെ പുത്തൻ കാൽവെയ്പ്പാണ്.

കടുത്ത സാമ്പത്തിക പ്രതിസന്ധിയുണ്ടായിട്ടും ക്ഷേമപ്രവർത്തനങ്ങൾക്കും വിദ്യാഭ്യാസമേഖലയുടെ പുരോഗതിക്കും വനിതകളുടെ ഉന്നമനത്തിനും ഊന്നൽനൽകിക്കൊണ്ടുള്ള സംസ്ഥാന സർക്കാരിന്റെ പുതിയ ബഡ്ജറ്റ് അതിന്റെ ജനക്ഷേമ നിലപാടുകൾ തുടരുമെന്ന് പ്രഖ്യാപിക്കുന്നു.

സംസ്ഥാനത്തിന്റെ സമഗ്രപുരോഗതി ലക്ഷ്യമാക്കി മുന്നോട്ട് പോകുന്ന ഈ ഘട്ടത്തിൽ സർക്കാരിനെതിരെ വലിയ ഗൂഢാലോചനകളാണ് നടക്കുന്നത്. കേരളത്തിലെ വലതുപക്ഷവും സംഘപരിവാറും, ഒരു വിഭാഗം മാധ്യമങ്ങളും ഗവൺമെന്റിനെതിരെ അപവാദം പ്രചരിപ്പിക്കാനും ദുർബലപ്പെടുത്താനും ശ്രമിക്കുന്നു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ രാഷ്ട്രീയ ഇച്ഛാശക്തിയുടെ വിജയമായി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കി ഭരണയന്ത്രം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചപ്പോൾ അതിനെതിരെ ദുഷ്പ്രചരണം നടത്തുകയായിരുന്നു ചില സർവ്വീസ് സംഘടനകൾ. അബ്രാഹ്മണ ശാന്തി നിയമനം, മുന്നോക്ക സമുദായത്തിലെ സാമ്പത്തിക പിന്നാക്കക്കാർക്കുള്ള സംവരണം തുടങ്ങിയ വിപ്ലവകരമായ നടപടികളെപ്പോലും തമസ്കരിക്കുകയോ, വികലമായി ചിത്രീകരിക്കുകയോ ആണ് ഇവർ ചെയ്തത്. എൽ.ഡി.എഫ്. സർക്കാരിനെ നേരിടാൻ മറ്റ് വഴികളില്ലാത്തതിനാൽ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെയുള്ള ഇടപെടലുകളുമായിട്ടാണ് ബി.ജെ.പി. രംഗത്തുള്ളത്.

ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ പ്രവർത്തനം ജനാധിപത്യവാദികൾക്ക് ആവേശവും പിന്തിരിപ്പന്മാർക്ക് കടുത്ത ആശങ്കയും സൃഷ്ടിച്ചിരിക്കുകയാണ്. ആഗോളവൽക്കരണ നയങ്ങൾക്കെതിരായി ബദൽ ഉയർത്തുകയും വർഗ്ഗീയ അജണ്ടയെ പ്രതിരോധിക്കുകയും ചെയ്യുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ജനപക്ഷ നിലപാടുകൾക്ക് കരുത്ത് പകരാനും, നവകേരള സൃഷ്ടിക്കായുള്ള കർമ്മപദ്ധതികളിൽ പങ്കുചേരാനും ഈ സമ്മേളനം അധ്യാപക സമൂഹത്തോട് ആഹ്വാനം ചെയ്യുന്നു.

## കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധനയങ്ങളിൽ പ്രതിഷേധിക്കുക

ജനവിരുദ്ധനയങ്ങളുടെ മഹാപർവ്വത്തിലൂടെ നമ്മുടെ രാജ്യം കടന്നുപോവുകയാണ്. നവലിബറൽ നയങ്ങളുടെ രണ്ടാംഘട്ടപരിഷ്ക്കാരങ്ങൾ അതിവേഗത്തിൽ നടപ്പിലാക്കുകയാണ് മോദി സർക്കാർ. ഇതിലൂടെ രാജ്യത്ത് അസമത്വം അസാധാരണമാംവിധം വർദ്ധിക്കുകയാണ്. രാജ്യത്തെ സ്വത്തിന്റെ ഏറിയപങ്കും ചുരുക്കം ചില വ്യക്തികളിൽ കേന്ദ്രീകരിക്കുകയാണ്. ദേശീയസമ്പത്തിന്റെ 51.53% കയ്യടക്കിവെച്ചിരിക്കുന്നത് ഒരു ശതമാനത്തിൽ താഴെ വരുന്ന അതിസമ്പന്നരാണ്. കഴിഞ്ഞ കേന്ദ്ര പൊതുബജറ്റിന്റെ അടങ്കൽ തുക 24.42 ലക്ഷം കോടി രൂപയായിരുന്നുവെങ്കിൽ രാജ്യത്തെ 119 അതിസമ്പന്നരുടെ ആകെ സ്വത്ത് 28 ലക്ഷം കോടി രൂപയിലധികമാണ്. ശതകോടീശ്വരന്മാരുടെ എണ്ണം വർദ്ധിച്ചുവരികയും സമ്പത്ത് കേന്ദ്രീകരിക്കുകയും ചെയ്യുകയാണ്. 2018 മാർച്ചിലെ കണക്കനുസരിച്ച് ഇന്ത്യയിലെ ശതകോടീശ്വരൻമാരുടെ എണ്ണം 121 ആണ്. ഒരു ഭാഗത്ത് സമ്പത്ത് കേന്ദ്രീകരിക്കുമ്പോൾ മറുഭാഗത്ത് പട്ടിണിയും ദാരിദ്ര്യവും വ്യാപിക്കുകയാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അതിസമ്പന്നരുടെ വരുമാനത്തിൽ 39% വളർച്ചയുണ്ടായപ്പോൾ ജനസംഖ്യയിൽ പകുതിയോളംവരുന്ന ദരിദ്ര

ജനവിഭാഗങ്ങളുടെ വരുമാന വളർച്ച കേവലം 3% മാത്രമാണ്. സ്വത്തിന്റെ ഏറിയപങ്കും ചുരുക്കം വ്യക്തികളിൽ കേന്ദ്രീകരിക്കുമ്പോൾ മറുവശത്ത് ദരിദ്രർക്ക് ഒരുനേരത്തെ ഭക്ഷണംപോലും ഉറപ്പില്ലാത്ത അവസ്ഥയാണുള്ളതെന്ന് ഓക്സ്ഫോം പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പറയുന്നു. ഈ രീതിയിൽ ഒരുപിടി സമ്പന്നർക്കുമാത്രം വേണ്ടിയാവുകയാണ് കേന്ദ്രഭരണം. ഭരണാധി കാരികൾ ഏത് തീരുമാനമെടുക്കുമ്പോഴും രാജ്യത്തെ ദരിദ്ര ജനകോടികളായിരിക്കണം അവ രുടെ മനസ്സിൽ എന്ന രാഷ്ട്രപിതാവിന്റെ വാക്യം മറന്ന് ഓരോ തീരുമാനമെടുക്കുമ്പോഴും അതിസമ്പന്നരെമാത്രം ഓർക്കുന്നവരായി മാറിയിരിക്കുന്നു. രാജ്യത്തിന്റെ പൊതുസമ്പത്താകെ വിൽപ്പനയ്ക്കു വെച്ചിരിക്കുകയാണ് കേന്ദ്ര ഭരണാധികാരികൾ. പ്രതിരോധമേഖലയടക്കം 100% വിദേശനിക്ഷേപത്തിനായി തുറന്നുകൊടുക്കുകയാണ്. പൊതുമേഖലാസ്ഥാപനങ്ങളുടെ ഓഹ രി വിൽപ്പന തകൃതിയായി നടക്കുന്നു. വിമാനത്താവളങ്ങളും, തുറമുഖങ്ങളുമുൾപ്പെടെ തന്ത്ര പ്രധാനമേഖലകൾപോലും വില്പനയ്ക്കായി തയ്യാറായിരിക്കുന്നു. ഇതിലൂടെയെല്ലാം വൻ അഴിമതികൾക്കുള്ള കളമൊരുക്കുകയാണ് കേന്ദ്രസർക്കാർ. റഫേൽ കരാറുമായി ബന്ധപ്പെട്ട് ആയിരക്കണക്കിന് കോടിരൂപയുടെ അഴിമതിനടന്നെന്ന് ഇതിനോടകം പുറത്തുവന്നിരിക്കു ന്നു. കർഷകർക്കുള്ള വിള ഇൻഷൂറൻസുമായി ബന്ധപ്പെട്ടും വലിയതോതിൽ കോഴ ഇടപാ ടുകൾ നടന്നിട്ടുള്ളതിന്റെ വിവരങ്ങളും പുറത്തുവരികയുണ്ടായി. വിവിധ സംസ്ഥാനങ്ങളിൽ അധികാരത്തിലിരിക്കുന്ന ബി.ജെ.പി. ഇതര സർക്കാരുകളെ അട്ടിമറിക്കാൻ അഴിമതിപ്പണം ഒഴുക്കുകയാണ് കേന്ദ്ര ഭരണാധികാരികൾ.

രാജ്യം അതിഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോവുകയാണ്. എല്ലാ പൊതുമേഖലാ ബാങ്കുകളും നഷ്ടത്തിലേക്ക് കുതിക്കുകയാണ്. കിട്ടാക്കടം പെരു കുന്നു. കോടികൾ വായ്പ്പയെടുത്ത് ഒന്നും തിരിച്ചടക്കാതെ എല്ലാ സൗകര്യങ്ങളോടും കൂടി രാജ്യംവിടുന്ന കോടീശ്വരൻമാരുടെ പട്ടിക നീളുകയാണ്. ശതകോടീശ്വരൻമാർക്ക് വായ്പ നൽകുന്നതിനായി ബാങ്കുകളുടെ ലയനവും തുടരുന്നു. കാർഷികവായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ കർഷകർ ആത്മഹത്യചെയ്യുന്ന രാജ്യത്ത് അതിസമ്പന്നരുടെ കിട്ടാക്കടം എഴുതി ത്തള്ളുകയാണ്.

നോട്ട് നിരോധനം രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയെ ഗുരുതരമായി ബാധിച്ചു. 70 ലക്ഷ ത്തിലധികം ചെറുകിട വ്യാപാര, വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടി. കോടിക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. നിരോധിച്ച നോട്ടിന്റെ 99.3% തിരിച്ചുവന്നതായി ഒടുവിൽ റിസർവ്വ് ബാങ്ക് തന്നെ വെളിപ്പെടുത്തുകയുണ്ടായി. ഏറ്റവുമൊടുവിൽ തിരഞ്ഞെ ടുപ്പ് ഒരുക്കങ്ങൾക്കായി കേന്ദ്രസർക്കാർ റിസർവ്വ് ബാങ്കിന്റെ കരുതൽധനത്തിന്റെ വിഹിതം ആവശ്യപ്പെടുന്ന അവസ്ഥയുണ്ടായി. ഇതിനെ തുടർന്ന് റിസർവ്വ് ബാങ്ക് ഗവർണ്ണർ രാജിവെ ച്ചു.

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലക്കയറ്റം ജനജീവിതം ദുസ്സഹമാക്കി. പെട്രോളിയം ഉല്പന്നങ്ങളുടെ വിലക്കയറ്റമാണ് യു.പി.എ. സർക്കാറിന്റെ പരാജയമെന്ന മോദിയുടെ പഴയ ടീറ്റ് വലിയതോതിൽ ചർച്ചചെയ്യപ്പെട്ടു. സ്വകാര്യ പെട്രോളിയം കമ്പനികൾക്ക് അമിതലാഭം കൊയ്യാനുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുകയാണ് കേന്ദ്രഭരണം. അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന് വിലകുറയുമ്പോൾ എക്സൈസ് തീരുവ ഓരോ ഘട്ടത്തിലും വർദ്ധിപ്പിച്ച് പെട്രോളിയം ഉല്പന്നങ്ങളുടെ വിലകുറയാതെ പിടിച്ചുനിർത്തുകയാണ് കേന്ദ്ര സർക്കാർ. ഏതാണ്ട് ഒന്നരലക്ഷം കോടിരൂപയാണ് പെട്രോളിയം ഉല്പന്നങ്ങളുടെ നികുതി

യിലൂടെ കേന്ദ്രസർക്കാർ കൊള്ളയടിക്കുന്നത്.

രാജ്യത്തിന്റെ നട്ടെല്ലായ കാർഷികമേഖലയും വലിയ തകർച്ചയിലാണ്. ഓരോ അരമണിക്കൂറിലും ഒരു കർഷകൻ വീതം ആത്മഹത്യചെയ്യുന്ന രാജ്യമാണ് നമ്മുടേത്. ഉല്പന്നങ്ങൾക്ക് വില ലഭിക്കാതെ ടൺകണക്കിന് കാർഷികോല്പന്നങ്ങൾ റോഡിൽ ഉപേക്ഷിക്കേണ്ട അവസ്ഥയിലാണ് കർഷകർ. ഭക്ഷ്യധാന്യങ്ങളുടെ സംഭരണവും വിതരണവുമെല്ലാം കുത്തകകളുടെ കൈയ്യിലാണ്. താങ്ങുവിലയെക്കുറിച്ചും വിള ഇൻഷൂറൻസിനെക്കുറിച്ചുമെല്ലാം വിടുവായിത്തങ്ങളല്ലാതെ കർഷകരെ സഹായിക്കുന്ന ഒരു നടപടിയും കേന്ദ്രസർക്കാരിൽനിന്നും ഉണ്ടാവുന്നില്ല. ഇത്തരത്തിൽ സമസ്തമേഖലകളിലും ജനദ്രോഹനടപടികളുമായി മുന്നോട്ടു പോകുന്ന കേന്ദ്രസർക്കാരിനെതിരായ ശക്തമായ ജനരോഷം എല്ലാ മേഖലകളിലും ശക്തിപ്പെട്ടുവരികയാണ്. ജനുവരി 8, 9 ന്റെ പൊതുപണിമുടക്കിന്റെ വിജയം ഇതിനുതെളിവാണ്. ഈ പോരാട്ടം ശക്തിപ്പെടുത്തേണ്ടതുണ്ട്. കേന്ദ്രഗവൺമെന്റ് പിന്തുടരുന്ന ജനവിരുദ്ധ നയങ്ങൾക്കെതിരരായ പോരാട്ടത്തിൽ മുഴുവൻ അധ്യാപകരും അണിനിരക്കണമെന്ന് ഈ സമ്മേളനം ആഹ്വാനംചെയ്യുന്നു.

## പി.എഫ്.ആർ.സി.എ. നിയമം പിൻവലിക്കുക

ജീവനക്കാരുടെയും അധ്യാപകരുടെയും ഏറ്റവും മികച്ച സാമൂഹ്യ സുരക്ഷാപദ്ധതിയായിരുന്നു നിർവ്വചിക്കപ്പെട്ട പെൻഷൻ പദ്ധതി. രാജ്യത്ത് പശ്ചിമബംഗാൾ ഒഴികെയുള്ള മുഴുവൻ സംസ്ഥാനങ്ങളും കേന്ദ്രസർക്കാരും പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കി. കമ്പോള കേന്ദ്രീകൃതമായ നവലിബറൽ നയങ്ങളുടെ ഭാഗമായാണ് പങ്കാളിത്ത പെൻഷൻ പദ്ധതി നിലവിൽ വന്നത്. 2003 ഡിസംബർ 22ന് എ.ബി.വാജ്പേയിയുടെ നേതൃത്വത്തിലുള്ള കേന്ദ്രസർകാരാണ് 2004 ജനുവരി 1 മുതൽ കേന്ദ്രസർവ്വീസിൽ പ്രവേശിക്കുന്നവർക്ക് പങ്കാളിത്ത പെൻഷൻ നടപ്പിലാക്കി വിജ്ഞാപനം പുറപ്പെടുവിച്ചത്.

2004-ൽ അധികാരത്തിൽ വന്ന മൻമോഹൻസിംഗിന്റെ നേതൃത്വത്തിലുള്ള ഒന്നാം യു.പി.എ. സർക്കാർ വാജ്പേയ് സർക്കാരിന്റെ വിജ്ഞാപനത്തിന്റെ ചുവട് പിടിച്ച് പി.എഫ്.ആർ.ഡി.എ. ബിൽ നടപ്പിൽവരുത്തുന്നതിനു 2004 ഡിസംബർ 29ന് ഓർഡിനൻസ് ഇറക്കി. തുടർന്ന് 2005 മാർച്ച് 21ന് ബിൽ പാർലമെന്റിൽ അവതരിപ്പിച്ചു. എന്നാൽ പൊതുമിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ യു.പി.എ. സർക്കാരിനു സോപാധിക പിന്തുണ നൽകിയിരുന്ന ഇടതുപക്ഷപാർട്ടികൾ പാർലമെന്റിൽ നടത്തിയ ശക്തമായ ചെറുത്തുനില്പിനെ തുടർന്ന് ബിൽ പാസ്സാക്കാനായില്ല. 2009ൽ അധികാരത്തിൽ വന്ന മൻമോഹൻസിംഗിന്റെ രണ്ടാം യൂ.പി.എ. സർക്കാർ 2012 മാർച്ച് 24ന് വീണ്ടും പി.എഫ്.ആർ.ഡി.എ. ബിൽ പാർലമെന്റിൽ അവതരിപ്പിച്ചു. മുഖ്യ പ്രതിപക്ഷമായിരുന്ന ബി.ജെ.പി.യും ഭരണപക്ഷമായിരുന്ന കോൺഗ്രസ്സും കൈകോർത്ത് അധ്യാപകരുടെയും ജീവനക്കാരുടെയും ഏറ്റവും ആകർഷകമായ സാമൂഹ്യ സുരക്ഷാ പദ്ധതിയായ പെൻഷൻ പദ്ധതി അട്ടിമറിച്ചുകൊണ്ട് പി.എഫ്.ആർ.ഡി.എ ബിൽ 2013 സെപ്തംബർ 5ന് ലോക്സഭയിലും 6ന് രാജ്യസഭയിലും പാസ്സാക്കി.

ഇന്ത്യയിലാദ്യമായി 2002 ജനുവരി 16-ന്റെ കടുത്ത ഉത്തരവിലൂടെ പങ്കാളിത്തപെൻഷൻ പദ്ധതി കേരളത്തിൽ നടപ്പിലാക്കാൻ ശ്രമിച്ചത് എ.കെ.ആന്റണിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. സർക്കാരാണ്. 32 ദിവസത്തെ സമാനതകളില്ലാത്ത പണിമുടക്കിലൂടെ കേരളം ഒറ്റക്കെട്ടായി ഈ നടപടിയെ പ്രതിരോധിച്ചു. 2006ൽ അധികാരത്തിൽ വന്ന സ: വി.എസ് അച്ച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. സർക്കാർ ജനുവരി 16ന്റെ ഉത്തരവ് റദ്ദ് ചെയ്തു. എന്നാൽ 2011-ൽ അധികാരത്തിൽ വന്ന ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്.

സർക്കാർ 2013 ഏപ്രിൽ 1 മുതൽ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിക്കൊണ്ട് 2012 ആഗസ്റ്റ് 21ന് ഉത്തരവിറക്കി. ഇതിൽ പ്രതിഷേധിച്ച് 2013 ജനുവരി 1 മുതൽ കേരളത്തിലെ സംസ്ഥാന സർക്കാർ ജീവനക്കാരും അധ്യാപകരും അനിശ്ചിതകാല പണിമുടക്ക് സമരം പ്രഖ്യാപിച്ചു. പണിമുടക്കിൽ നിന്നും രാഷ്ട്രീയ തിമിരം ബാധിച്ച യു.ഡി.എഫ്. അനുകൂല (SETO) സംഘടനകൾ സമരത്തിൽ നിന്നും മാറി നിന്നു. അവർകൂടി പങ്കെടുത്ത് ഒറ്റക്കെട്ടായി സമരം നടത്തിയിരുന്നെങ്കിൽ നമ്മുടെ അവകാശം നമുക്ക് നേടിയെടുക്കാമായിരുന്നു.

2016ൽ കേരളത്തിൽ അധികാരത്തിൽ വന്ന സ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. സർക്കാർ പങ്കാളിത്തപെൻഷൻ പദ്ധതി പുനഃപരിശോധിക്കുമെന്ന നിലപാട് സ്വീകരിക്കുകയും ഇതിനായി ഒരു കമ്മിറ്റിയെ നിശ്ചയിക്കുകയും ചെയ്തു. ഈ നടപടി സ്വാഗതാർഹമാണ്. ഇതാദ്യമായാണ് പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കാൻ ഒരു സംസ്ഥാന സർക്കാർ തീരുമാനം ഉണ്ടാകുന്നത്.

1957 മുതൽ രാജ്യത്ത് നിലവിൽവന്ന പെൻഷൻ പദ്ധതി അനുസരിച്ച് പെൻഷൻ സർക്കാരിന്റെ ഔദാര്യമല്ലെന്നും അത് ജീവനക്കാരുടെ അവകാശമാണെന്നും 1982ൽ സുപ്രീംകോടതി തന്നെ വ്യക്തമാക്കിയിട്ടുണ്ട്. നവലിബറൽ നയങ്ങൾ അടിച്ചേൽപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി (PFRDA) ഒരു പെൻഷൻ പദ്ധതിയേ അല്ലായെന്നും ആർക്കും അംഗത്വമെടുക്കാൻ കഴിയുന്നതും പലിശയുടെയും ഷെയർമാർക്കറ്റിന്റെയും വരവ് ആനുകൂല്യം നൽകുന്ന ഊഹക്കച്ചവട പദ്ധതി മാത്രമാണെന്നും ആയതിനാൽ പി.എഫ്, ആർ.ഡി.എ. നിയമം പിൻവലിച്ച് നിർവ്വചിക്കപ്പെട്ട പെൻഷൻപദ്ധതി പുനഃസ്ഥാപിക്കണമെന്ന് ഈ സമ്മേളനം കേന്ദ്രസർക്കാറിനോട് ആവശ്യപ്പെടുന്നു.

## ഭരണഘടനാ സ്ഥാപനങ്ങളെ വരുതിയിലാക്കാനുള്ള കേന്ദ്രസർക്കാർ നീക്കം അവസാനിപ്പിക്കുക

അധികാരത്തിലേറിയ കാലം മുതൽ ബി.ജെ.പി. സർക്കാർ ഭരണഘടനാ സ്ഥാപനങ്ങളെ തങ്ങളുടെ നിയന്ത്രണത്തിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ ശ്രമത്തിൽ പ്രതിഷേധിച്ചുകൊണ്ടാണ് റിസർവ്വ് ബാങ്ക് ഗവർണർ ഊർജ്ജിത് പട്ടേൽ രാജിവെച്ചത്. നോട്ട് നിരോധനംകൊണ്ട് തകർന്നടിഞ്ഞ ഇന്ത്യൻ സാമ്പത്ത് വ്യവസ്ഥയെ ശക്തിപ്പെടുത്താൻ ഒരു നയപരിപാടിയും കേന്ദ്രസർക്കാരിനുണ്ടായില്ല. നോട്ട് നിരോധനം ചരിത്രത്തിലെ ഏറ്റവും വലിയ സാമ്പത്തിക മണ്ടത്തരമാണ് എന്ന് തിരിച്ചറിഞ്ഞ മോഡി ജാള്യത മറയ്ക്കാനാണ് ഊർജിത്ത് പട്ടേലിന്റെ ചുമലിൽ എല്ലാ ഭാരവും ഇറക്കിവെച്ചത്. ആർ.ബി.ഐ.യുടെ കരുതൽ ധനത്തിൽ 6% പിടിച്ചുവാങ്ങാനുള്ള കേന്ദ്രസർക്കാർ ശ്രമത്തെ റിസർവ്വ് ബാങ്ക് ഗവർണർ ശക്തമായി എതിർത്തു.

രാജ്യത്തെ ബാങ്കിംഗ് സംവിധാനം സുതാര്യമാക്കുന്നതിനായി അദ്ദേഹം സ്വീകരിച്ച പല നടപടികളെയും സർക്കാർ വിമർശിച്ചിരുന്നു. 1990-ന് ശേഷം ആദ്യമായാണ് ഒരു റിസർവ്വ് ബാങ്ക് ഗവർണർ കാലാവധി പൂർത്തിയാക്കാതെ രാജിവെയ്ക്കുന്നത്. സർക്കാരും ആർ.ബി.ഐ.യുമായുള്ള തർക്കവിഷയങ്ങൾ ചർച്ചചെയ്യുന്നതിന് നവംബർ 19ന് ഡയറക്ടർ ബോർഡ് യോഗം കൂടിയിരുന്നു. ആർ.ബി.ഐ. ബോർഡിൽ സ്വതന്ത്ര ഡയറക്ടർ എന്ന നിലയിൽ തിരുകിക്കയറ്റിയ എസ്.ഗുരുമൂർത്തിയെപ്പോലെയുള്ള സംഘപരിവാർ പ്രവർത്തകരെ ഉപയോഗപ്പെടുത്തി റിസർവ്വ് ബാങ്കിനെ വരുതിയിൽ നിർത്താൻ മോഡി നടത്തിയ ശ്രമത്തിനെതിരെ

പ്രതിഷേധിച്ചുകൊണ്ടാണ് ഊർജിത് പട്ടേൽ രാജിവെച്ചത്.

തങ്ങൾക്ക് ഇഷ്ടമുള്ള ജഡ്ജിമാർ സുപ്രീംകോടതിയിൽ നിയമിക്കപ്പെടണം എന്ന് ശഠിച്ചുകൊണ്ട് ജഡ്ജിമാരെ നിയമിക്കുന്ന കൊളീജിയം കൈപ്പിടിയിലൊതുക്കാനും കേന്ദ്ര സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നു. കോളീജിയത്തിൽ നടത്തിയ അനധികൃത ഇടപെടലിനെതിരെ ശക്തമായ വിമർശനവുമായി സുപ്രീംകോടതി ജഡ്ജിമാർ പരസ്യമായി കേന്ദ്രസർക്കാരിനെതിരെ രംഗത്ത് വന്നതും സംഘപരിവാറിന്റെ ഗൂഢലക്ഷ്യങ്ങൾക്ക് അടിയായി. അമിത്ഷായെ കോടതിയിൽ വിളിച്ചുവരുത്താൻ ഉത്തരവിട്ട ജഡ്ജി ലോധയുടെ കൊലപാതക കേസ്, അയോധ്യക്കേസ്, സംഘപരിവാർ നേതാക്കൾ ഉൾപ്പെട്ട തീവ്രവാദ പ്രവർത്തനങ്ങളുടെ കേസ്, ഏകീകൃത സിവിൽ കോഡ് കേസ് തുടങ്ങിയവയൊക്കെ കോടതിയിൽ തങ്ങൾക്ക് ഇഷ്ടപ്പെട്ട തങ്ങൾക്ക് വഴങ്ങുന്ന ജഡ്ജിമാർ കേൾക്കണമെന്നും വിധിപറയണമെന്നും താൽപര്യപ്പെട്ടുകൊണ്ടാണ് കൊളീജിയത്തെ വരുതിയിലാക്കാൻ സർക്കാർ ശ്രമിക്കുന്നത്.

സ്വതന്ത്ര ഇന്ത്യയുടെ ഭാവി സ്വപ്നംകണ്ട് രാഷ്ട്രശില്പികൾ തന്നെ രൂപംനൽകിയ പ്ലാനിങ്ങ് കമ്മീഷൻ ഇല്ലാതാക്കി അതിന്റെ സ്ഥാനത്ത് തങ്ങളുടെ താത്പര്യം സംരക്ഷിക്കുന്നതിനായി 'നീതി ആയോഗ്' സംവിധാനം കൊണ്ടുവന്നു. UGC അടക്കമുള്ള സംവിധാനങ്ങൾ ഭീഷണിയിലാണ്. തിരഞ്ഞെടുപ്പുകമ്മീഷൻ അടക്കമുള്ള ഭരണഘടനാ സ്ഥാപനങ്ങളെ ഭീഷണിപ്പെടുത്തി വശത്താക്കുന്ന രീതിയാണുള്ളത്. സിബിഐ കൂട്ടിലടച്ച തത്തയായി മാറി. ഭരണഘടന സ്ഥാപനങ്ങളുടെ പ്രസക്തിയും അന്തസ്സും നഷ്ടപ്പെടുത്തുകയാണ് കേന്ദ്ര സർക്കാർ. ഈ നിലയിൽ രാജ്യത്തിന്റെ ജനാധിപത്യ നിലനിൽപ്പുതന്നെ അപകടത്തിലാക്കി ഭരണഘടനാ സ്ഥാപനങ്ങളെ വരുതിയിലാക്കാനുള്ള കേന്ദ്രനീക്കം ഉപേക്ഷിക്കണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

## വനിതാ സംവരണബിൽ നിയമമാക്കുക

ഇന്ത്യൻ സ്വാതന്ത്ര്യത്തിന് 71 വർഷം പൂർത്തിയായിട്ടും ഭരണഘടന വിഭാവനം ചെയ്ത അവസരസമത്വം ഉറപ്പാക്കാൻ നമുക്കായിട്ടില്ല. സാമ്പത്തിക അസമത്വം കൂടുതൽ കൂടുതൽ വർദ്ധിച്ചുകൊണ്ടിരിക്കന്ന ഈ നവലിബറൽ കാലഘട്ടത്തിൽ സ്ത്രീപുരുഷ അസമത്വവും വർദ്ധിക്കുകയാണ്. ആരോഗ്യ, വിദ്യാഭ്യാസ, തൊഴിൽ, സാമ്പത്തിക, രാഷ്ട്രീയ മേഖലകളിൽ സ്ത്രീയും പുരുഷനും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

2018-ൽ സ്ത്രീപുരുഷ അന്തരത്തിന്റെ കാര്യത്തിൽ ഇന്ത്യ ലോകരാജ്യങ്ങൾക്കിടയിൽ 118-ാം സ്ഥാനത്താണ്. മറ്റെല്ലാ മേഖലയിലുമുള്ള അസമത്വം കുറയ്ക്കുന്നതിന് അനിവാര്യമായ ഒരു ഘടകമാണ് സ്ത്രീകളുടെ അധികാരപങ്കാളിത്തം 1993-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 33 ശതമാനം വനിതാ സംവരണം ഉറപ്പുവരുത്തിയ 73-ാം ഭരണഘടനാഭേദഗതി നടപ്പിലാക്കി രണ്ടരദശകം പിന്നിട്ടിട്ടും നിയമനിർമ്മാണസഭകളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിൽ മാറിമാറിവന്ന വലതുപക്ഷ സർക്കാറുകൾ കുറ്റകരമായ അനാസ്ഥ കാണിക്കുന്നു.

ജനസംഖ്യയിൽ പകുതിയോളം വരുന്ന സ്ത്രീകളുടെ പാർലമെന്റിലെ അധികാര പങ്കാളിത്തം വെറും 11 ശതമാനമാണ്. പാർലമെന്റിലും നിയമസഭകളിലും 33 ശതമാനം സംവരണം ഉറപ്പുവരുത്തുന്ന 108-ാം ഭരണഘടനാ ഭേദഗതി ബിൽ പാതിവഴിയിലാണ്. 2008 മുതൽ ആരംഭിച്ച ഈ ശ്രമം ഇന്നും പൂർത്തിയാക്കാനായില്ല എന്നത് ജനാധിപത്യത്തിന് അപമാനകരമാണ്. 2008-ൽ അവതരിപ്പിച്ച ഭരണഘടനാ ഭേദഗതിബിൽ കാലഹരണപ്പെടുകയും പിന്നീട്

2010 മാർച്ച് 9ന് പ്രസ്തുത ബിൽ രാജ്യസഭയിൽ പാസാക്കുകയുമുണ്ടായി. അത് ലോകസഭയിൽ അവതരിപ്പിച്ച് നിയമമാക്കുന്നതിൽ സോണിയഗാന്ധി അദ്ധ്യക്ഷയായിട്ടുള്ള രണ്ടാം യു.പി.എ. സർക്കാർ വീഴ്ചവരുത്തി. പ്രകടനപത്രികയിൽ വനിതാ സംവരണനിയമം പാസാക്കുമെന്ന് ഉറപ്പുനൽകി അധികാരത്തിൽ വന്ന നരേന്ദ്രമോഡി സർക്കാർ ഇക്കാര്യത്തിൽ കുറ്റകരമായ അലംഭാവമാണ് വരുത്തിയത്. വലതുപക്ഷശക്തികളുടെ സ്ത്രീവിരുദ്ധമനോഭാവമാണ് ഇതിലൂടെ വ്യക്തമാവുന്നത്. ഇടതുപക്ഷശക്തികൾ മാത്രമാണ് വനിതാ സംവരണ നിയമം പാസാക്കണമെന്ന അഭിപ്രായത്തിൽ ഉറച്ചുനിൽക്കുന്നത്. ഇടതുപക്ഷശക്തികളുടെ വനിതാ സംവരണം സംബന്ധിച്ച ആത്മാർത്ഥമായ നിലപാടിന്റെ ഉദാഹരണമാണ് രാജ്യത്താദ്യമായി കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 50 ശതമാനം വനിതാ സംവരണം ഏർപ്പെടുത്തിയ നടപടി. സ്ത്രീകളെ ശാക്തീകരിച്ചുകൊണ്ടല്ലാതെ ഒരു കുടുംബത്തിനോ, സമൂഹത്തിനോ, സംസ്ഥാനത്തിനോ രാജ്യത്തിനോ മുന്നോട്ടുപോകാനാവില്ല. ജനാധിപത്യം ശരിയായ അർത്ഥത്തിൽ പൂർത്തീകരിക്കാൻ സാധ്യമായിട്ടില്ലായെന്നത് രാജ്യത്തിന് അപമാനകരമാണ്. സ്ത്രീകളുടെ രാഷ്ട്രീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി പാർലമെന്റിലും നിയമനിർമ്മാണസഭകളിലും 33 ശതമാനം വനിതാ സംവരണ നിയമം നടപ്പിലാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

വനിതാ സംവരണനിയമം നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് നടത്തുന്ന പ്രക്ഷോഭപ്രചാരണ പ്രവർത്തനങ്ങളിൽ അണിനിരക്കണമെന്ന് അധ്യാപക സമൂഹത്തോടും സമ്മേളനം ആവശ്യപ്പെടുന്നു.

## വിദ്യാഭ്യാസ- സാംസ്കാരികരംഗങ്ങളിലെ ഫാസിസ്റ്റ് അധിനിവേശം ചെറുക്കുക

ബി.ജെ.പി. നേതൃത്വം നൽകുന്ന നരേന്ദ്രമോദി സർക്കാരിന്റെ നാലരവർഷത്തെ ഭരണം, സമസ്തമേഖലകളിലും രാജ്യത്തെ പ്രതിസന്ധിയിലേക്കു നയിക്കുന്നു. ഭരണകൂടത്തിന്റെ വർഗ്ഗ താല്പര്യം സംരക്ഷിക്കുന്നതിന് വിദ്യാഭ്യാസ-സാംസ്കാരികരംഗത്ത് ഗൂഢലക്ഷ്യത്തോടുകൂടിയ ഇടപെടലാണ് കേന്ദ്രസർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

ഈ സർക്കാരിന്റെ ആദ്യനാളുകളിൽ തന്നെ കേന്ദ്രസർവ്വകലാശാലകളെയും കേന്ദ്ര-വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. എൻ.ബി.എസിന്റെ തലപ്പത്ത് നിന്ന് മതനിരപേക്ഷ സാഹിത്യകാരൻ സേതുവിനെ നീക്കംചെയ്തതും പ്രശസ്തമായ പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ തലപ്പത്ത് ഗജേന്ദ്രചൗഹാനെ നിയമിച്ചതും, ഹൈദരബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ രോഹിത്ത് വെമുലയുടെ രക്തസാക്ഷിത്വത്തെ തുടർന്ന് അപ്പാറാവുവിനെ വി.സി.യായി നിയമിച്ചതും ഇന്ത്യൻ ചരിത്ര ഗവേഷണ കൗൺസിലിലേക്ക് ഭൂദർശനറാവുവിനെ നിയമിച്ചതും സംഘപരിവാർ അജണ്ട നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ്.

ഇന്ത്യൻ ശാസ്ത്രകോൺഗ്രസ്സിന്റെ വേദിയിൽപോലും കയറിയിരുന്ന് ശാസ്ത്രസത്യങ്ങൾക്കും ചരിത്ര യാഥാർത്ഥ്യങ്ങൾക്കും നിലക്കാത്ത ഐതിഹ്യങ്ങളെയും കെട്ടുകഥകളെയും ശാസ്ത്രസത്യങ്ങൾ എന്ന നിലയിൽ അവതരിപ്പിച്ചുകൊണ്ട് യുക്തിചിന്തയെ തകർക്കുകയും അസംബന്ധങ്ങളുടെ ആവർത്തനം വഴി അവ പൊതുബോധം ആക്കിമാറ്റുന്നതിനുള്ള ആസൂത്രിതശ്രമങ്ങളാണ് സംഘപരിവാർ നടപ്പിലാക്കികൊണ്ടിരിക്കുന്നത്.

രാജസ്ഥാനിലെ സ്കൂൾ സിലബസിൽ എം.എസ്.ഗോൾവാൾക്കറെ ചരിത്രപുരുഷ

നായും ബാബറിമസ്ജിദ് തകർത്തത് പരീക്ഷാചോദ്യമാക്കിയും ഗുജറാത്തിലെ പാഠപുസ്തകത്തിൽ യേശുക്രിസ്തുവിനെ പിശാചിനു തുല്യമാക്കി ചിത്രീകരിച്ചതും സ്കൂൾ പാഠ്യപദ്ധതിയിലെ ആർഎസ്എസ് കടന്നുകയറുന്നതിന്റെ ഭാഗമായാണ്.

സാംസ്കാരികവും മതപരവും പ്രാദേശികവുമായ വ്യത്യസ്തതകളെ തകർക്കുന്നതിനും തങ്ങളാഗ്രഹിക്കുന്ന ഹിന്ദുത്വരാഷ്ട്രം കെട്ടിപ്പടുക്കുന്നതിനുമുള്ള ഭരണപരവും രാഷ്ട്രീയപരവുമായ നടപടികൾ അസഹിഷ്ണുതയും അശാന്തിയും വിതയ്ക്കുന്നു. രാജ്യത്തിന്റെ മതനിരപേക്ഷ ചട്ടക്കൂട് തകർക്കുന്ന വിദ്യാഭ്യാസ - സാംസ്കാരികരംഗത്തെ കേന്ദ്രസർക്കാരിന്റെ നയങ്ങളെ ചെറുക്കുന്നതിനുള്ള പോരാട്ടത്തിൽ അണിനിരക്കണമെന്ന് ഈ സമ്മേളനം മുഴുവൻ അധ്യാപകരോടും ആഹ്വാനംചെയ്യുന്നു.

## പൊതുവിദ്യാഭ്യാസ മേഖലയിലെ ഏകീകരണ നടപടികൾ ത്വരിതപ്പെടുത്തുക

പൊതു വിദ്യാഭ്യാസരംഗത്ത് വിവിധ മേഖലകൾ ഏകോപിപ്പിക്കുക എന്ന ചർച്ച കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്തു തന്നെ നടന്നിരുന്നു. ഇത് സംബന്ധിച്ച റിപ്പോർട്ടും ഏതാണ്ട് പൂർത്തിയായ കാലത്താണ് ആ സർക്കാർ അധികാരത്തിൽ നിന്നും പുറത്തുപോയത്. സംഘടന ഇക്കാര്യത്തിൽ വളരെ കൃത്യമായ നിലപാടാണ് അന്നും കൈക്കൊണ്ടത്.

ഒന്നുമുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കാനും കുട്ടികളുടെ സമീപത്ത് തന്നെ അതിന് സൗകര്യമൊരുക്കാനും ലക്ഷ്യമിട്ടുകൊണ്ട് എൽഡിഎഫ് സർക്കാരാണ് 12-ാം തരം വരെയുള്ള വിദ്യാഭ്യാസം സ്കൂളിന്റെ ഭാഗമാക്കിയത്. വലതുപക്ഷ ശക്തികളും അവരുടെ കൂട്ടാളികളും 11, 12 ക്ലാസുകളിലെ വിദ്യാഭ്യാസം വേറിട്ട് നിൽക്കണമെന്നും സ്കൂളിന്റെ ഭാഗമാക്കരുതെന്നുമുള്ള നിലപാട് സ്വീകരിച്ച് പ്രീഡിഗ്രീ ബോർഡ് എന്ന ആശയം അവതരിപ്പിച്ചു. കേരളത്തിൽ അരങ്ങേറിയ ശക്തമായ സമരത്തിനൊടുവിലാണ് എൽഡിഎഫ് സർക്കാർ ഇത്തരമൊരാശയം മുന്നോട്ടുവെച്ചതും 1 മുതൽ 12 വരെയുള്ള വിദ്യാഭ്യാസം സ്കൂളിന്റെ ഭാഗമാക്കിയതും. പഴയ പ്രീഡിഗ്രി ബോർഡിന്റെ വക്താക്കളാണ് ഇപ്പോഴും ഏകീകരണത്തെ എതിർക്കുന്നത്. അന്ധമായ രാഷ്ട്രീയവിരോധത്തിന്റെ ഭാഗമാണിതെന്ന് അധ്യാപക സമൂഹം തിരിച്ചറിയണം.

പ്രീ-പ്രൈമറി മുതൽ ഹയർ സെക്കന്ററി തലം വരെ ഏകോപിപ്പിക്കുന്നത് പൊതുവിദ്യാഭ്യാസത്തിന്റെ കരുത്ത് വർദ്ധിപ്പിക്കാൻ കാരണമാകും. നാളിതുവരെ നമ്മുടെ രാജ്യത്തുണ്ടായിട്ടുള്ള വിദ്യാഭ്യാസ കമ്മീഷനുകളെല്ലാം ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഇന്നു സംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന ഘടന, ഏകീകൃത സ്വഭാവത്തിലുള്ളതാണ്. 2020 നുള്ളിൽ ഈ നടപടിക്രമങ്ങൾ നിർബന്ധമായും പൂർത്തയാക്കണമെന്ന് കേന്ദ്ര സർക്കാർ പ്രത്യേകമായി തീരുമാനിക്കുക കൂടി ചെയ്തതോടെയാണ് ഇക്കാര്യത്തിൽ നടപടികൾ വേഗത്തിലായത്.

നിലവിൽ ഒരു വിദ്യാലയത്തിനകത്ത് പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കന്ററി എന്നിങ്ങനെ 3 വിഭാഗങ്ങൾ നിലനിൽക്കുന്നു. ചിലയിടങ്ങളിൽ വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗവും. ഈ മേഖലകൾ തമ്മിൽ പലയിടത്തും അനൈക്യവും നിലനിൽക്കുന്നു. വ്യാപകമല്ലെങ്കിലും കണ്ടാൽ മിണ്ടാത്തവരും സ്കൂൾ വിഭവങ്ങൾ പങ്കുവെക്കാൻ മടികാണിക്കുന്നവരുമായ ചിലരുണ്ട്. അധികാരങ്ങളെ ചൊല്ലിയുള്ള തർക്കങ്ങൾ മൂർച്ഛിച്ച് വലിയ വഴക്കിലേക്കും മറ്റും പോകുന്നു. ദിനാചരണങ്ങൾ ആഘോഷങ്ങൾ തുടങ്ങി യാത്രയയപ്പു യോഗങ്ങൾ വരെ

വേറെ വേറെ നടക്കുന്നു. അക്കാദമിക് രംഗത്തുണ്ടാകുന്ന പ്രശ്നങ്ങളാണ് ഇതിൽ ഏറ്റവും പ്രധാനം. ഇത്തരത്തിൽ നിരവധി പ്രശ്നങ്ങളുടെ പരിഹാരമാണ് ഏകീകരണം.

കെ.എസ്.ടി.എ, പൊതുവിദ്യാഭ്യാസ രംഗത്ത് നടത്തിയ ഏറ്റവും മികച്ച ഇടപെടലുക ളിൽ ഒന്നാണ് പൊതുവിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട്. കേരളത്തിൽ ഇതുവരെയുണ്ടായി ട്ടുള്ള കമ്മീഷൻ റിപ്പോർട്ടുകളിൽ ഏറ്റവും മികച്ച ഒന്നാണ് അതെന്ന് അക്കാദമിക് പണ്ഡിത ന്മാർ അടിവരയിടുന്നു. ഒരു വർഷം മുമ്പ് പ്രസിദ്ധീകരിച്ച റിപ്പോർട്ട് ഏകീകരണത്തെക്കുറിച്ച് സമഗ്രമായി സൂചിപ്പിച്ചിട്ടുണ്ട്. മേൽ സൂചിപ്പിക്കപ്പെട്ട ഭരണപരമായ നടപടികളുടെ ഭാഗമായി സർക്കാരും ഈ നിലപാട് സ്വീകരിച്ചു. അതിനായി ഒരു കമ്മീഷനെ നിയമിച്ചു. NCERT യുടെ മുൻ ഡയറക്ടറും വിദ്യാഭ്യാസ പണ്ഡിതനുമായ ഡോ.എം.എ. ഖാദറിന്റെ നേതൃത്വത്തിൽ രൂപീകൃതമായ മൂന്നംഗസമിതി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്. അധ്യാപക -അനധ്യാപക സംഘടനകളുമായും മറ്റും ചർച്ചകൾ പൂർത്തീകരിച്ചതിനുശേഷമാണ് റിപ്പോർട്ട് തയ്യാറാക്കിയതും സമർപ്പിച്ചതും. സമഗ്രമായ ഈ റിപ്പോർട്ടിന്മേൽ ആവശ്യമെങ്കിൽ ഇനിയും ചർച്ചകൾ തുടരാവുന്നതാണ്.

കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് ഇന്നുണ്ടായ മുന്നേറ്റത്തെ കൂടുതൽ ശാക്തീകരിക്കുന്ന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനുള്ള നടപടികൾ ത്വരിതപ്പെടു ത്തണമെന്ന് കെ.എസ്.ടി.എ 28-ാം സംസ്ഥാന സമ്മേളനം സർക്കാരിനോട് ആവശ്യപ്പെടു ന്നു.

## വിദ്യാഭ്യാസരംഗത്തെ വർഗ്ഗീയവത്കരണം അവസാനിപ്പിക്കുക

സ്വാതന്ത്ര്യാനന്തരം രാഷ്ട്ര നേതാക്കൾ വിദ്യാഭ്യാസത്തെക്കുറിച്ച് സ്വപ്ന സമാനമായ ലക്ഷ്യങ്ങൾ നേടണമെന്നാണ് തീരുമാനിച്ചത്. ഭരണഘടന എഴുതപ്പെട്ടപ്പോൾ അടുത്ത പത്തു വർഷത്തിനുള്ളിൽ നിർബ്ബന്ധിതവും സൗജന്യവും സാർവത്രികവുമായ വിദ്യാഭ്യാസം ഇന്ത്യ യിലെ കുട്ടികൾക്ക് നൽകും എന്ന് ഒരിക്കൽക്കൂടി ഉറപ്പുവരുത്തുന്ന പ്രഖ്യാപനമുണ്ടായി. ആറു വയസ്സു മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം എന്നത് അവകാശമാ ക്കുകയും അത് ഭരണകൂടത്തിന്റെ ഉത്തരവാദിത്തമാണ് എന്ന് ഭരണഘടനാ ഭേദഗതിയിലൂടെ ഉറപ്പുവരുത്തുകയും ചെയ്തു. ഭരണഘടനാമൂല്യങ്ങളായ മതനിരപേക്ഷത, ജനാധിപത്യം, പൗരബോധം, സാമൂഹ്യാവബോധം തുടങ്ങിയ സങ്കല്പനങ്ങളിൽ അധിഷ്ഠിതമായിരുന്നു നമ്മുടെ വിദ്യാഭ്യാസം. മാത്രമല്ല ആധുനിക വിദ്യാഭ്യാസം അന്ധവിശ്വാസങ്ങൾക്കും, അനാ ചാരങ്ങൾക്കും എതിരായ പുത്തനുണർവായിരുന്നു.

വർഗ്ഗീയവാദികളാൽ നയിക്കപ്പെടുന്ന കേന്ദ്രഭരണക്കൂടം വിദ്യാഭ്യാസരംഗത്തെ വർഗ്ഗീയവത്കരണം പ്രധാന അജണ്ടയായി സ്വീകരിച്ചിരിക്കുകയാണ്. ഇന്ത്യൻ വിദ്യാഭ്യാസം സത്യം, ധർമ്മം, ശാന്തി, സ്നേഹം തുടങ്ങിയ മൂല്യങ്ങളിൽ അധിഷ്ഠിതമാകണമെന്ന നയ രേഖ മുന്നോട്ടുവെക്കുന്നത് യഥാർത്ഥത്തിൽ ഹൈന്ദവവത്കരണം തന്നെയാണ്. ഹിന്ദു മിത്തോളജിയെ ചരിത്രത്തിനും മതേതര ദർശനത്തിനും പകരം പ്രതിഷ്ഠിക്കുകയാണ്. ഏറ്റവും ഒടുവിൽ നടന്ന ഇന്ത്യൻ സയൻസ് കോൺഗ്രസിൽ പങ്കെടുത്തുകൊണ്ട് ഇന്ത്യൻ പ്രധാന മന്ത്രി പറഞ്ഞ കാര്യങ്ങൾകൂടി ചേർത്തു വായിച്ചാൽ ഭരണകൂടം ലക്ഷ്യംവെക്കുന്നതെന്തെന്ന് കൃത്യമായി മനസ്സിലാകും.

നരേന്ദ്രമോദി സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ശാസ്ത്രീയ ചിന്തകളേയും യുക്തിയേയും പിന്തള്ളിക്കൊണ്ട് അന്ധവിശ്വാസവും അനാചാരങ്ങളും, വിദ്യാഭ്യാസ പ്രക്രി

യയുടെ ഭാഗമാക്കുകയാണ്. വേദങ്ങളും ഉപനിഷത്തുക്കളും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനുള്ള ശ്രമങ്ങൾ തകൃതിയായി നടക്കുന്നു. ചെറുപ്പത്തിലേ പിടികൂടുക എന്ന ഫാസിസ്റ്റ് തന്ത്രം തന്നെയാണ് ഇവിടെയും നടപ്പാക്കുന്നത്. വിദ്യാഭ്യാസ ഗവേഷണസ്ഥാപനങ്ങളുടെയും സാംസ്കാരിക സ്ഥാപനങ്ങളുടെയും തലപ്പത്ത് തികഞ്ഞ വർഗ്ഗീയ വാദികളെ അവരോധിക്കുന്നതും ഈ ലക്ഷ്യം വെച്ചാണ്. ഇന്ത്യൻ ചരിത്രഗവേഷണ കൗൺസിലിന്റെ അധിപനായി ഇതിഹാസ് സങ്കലൻ യോജനയുടെ തലവനായ സുദർശനറാവുവാണ് അടുത്ത കാലം വരെ ഉണ്ടായിരുന്നത്. ആർ.എസ്.എസിന്റെ വിദ്യാഭ്യാസ ഉപവിഭാഗമായ ശിക്ഷാ ഉത്ഥാൻ ന്യാസിന്റെ അധ്യക്ഷൻ ദീനനാഥ് ബാത്ര ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ നിർണ്ണായകരമായ ആലോചനാ ഘട്ടങ്ങളിൽ നേരിട്ട് ഇടപെടുന്നു. തികഞ്ഞ വർഗ്ഗീയ വാദികളായ ഇക്കൂട്ടരുടെ ലേഖനങ്ങൾ പാഠപുസ്തകത്തിൽ ഉൾച്ചേർക്കപ്പെടുന്നു.

ആർ.എസ്.എസിന്റെ വിദ്യാഭ്യാസ ദർശനം പ്രാവർത്തികമാക്കുന്ന ആദ്യ സംസ്ഥാനം രാജസ്ഥാനാണ്. ഗോൾവാൾക്കറേയും സവർക്കറേയും ചരിത്രപുരുഷന്മാരായാണ് അവതരിപ്പിക്കപ്പെടുന്നത്. പാഠപുസ്തകങ്ങളിൽ മതസ്പർദ്ധ വളർത്തുന്ന വർഗ്ഗീയത കുത്തി നിറക്കുന്ന ലേഖനങ്ങളും കഥകളും നിറയുകയാണ്. അതി ഗുരുതരമായ ഇത്തരമൊരു ഘട്ടത്തിൽ അധ്യാപക സമൂഹത്തിന് ഏറെ ബാധ്യതകൾ മുന്നിലുണ്ട്. നവലിബറൽ നയങ്ങളുടെ ഉപോത്പന്നമായ വർഗ്ഗീയതക്കെതിരായ പോരാട്ടം ശക്തിപ്പെടുത്തണം. വിദ്യാഭ്യാസത്തെ വർഗ്ഗീയവത്കരിക്കാനുള്ള ശ്രമങ്ങൾക്കെതിരായ പോരാട്ടം തുടരണം. വർഗ്ഗീയവത്കരണം ചെറുക്കുന്നതിനുള്ള പോരാട്ടത്തിൽ പങ്കാളികളാകണമെന്ന് കെ.എസ്.ടി.എ സംസ്ഥാന സമ്മേളനം അധ്യാപകരോടും പൊതുസമൂഹത്തോടും ആവശ്യപ്പെടുന്നു.

## എയ്ഡഡ് സ്കൂൾ അധ്യാപക നിയമനം പി.എസ്.സി.ക്ക് വിടുക, മാനേജർമാരുടെ ശിക്ഷാധികാരം എടുത്തുകളയുക.

കേരള സംസ്ഥാനം രൂപീകൃതമാകുന്നതിനുമുൻപ് എയ്ഡഡ് സ്കൂൾ അധ്യാപകരുടെ അവസ്ഥ ഏറെ പരിതാപകരമായിരുന്നു. മാനേജർമാരും അധ്യാപകരും തമ്മിൽ യജമാന - ഭൃത്യബന്ധമാണ് നിലനിന്നിരുന്നത്. അധ്യാപകർ പലവിധ ചൂഷണത്തിനും വിധേയമായിരുന്നു. ഗ്രാന്റ് ഇൻ എയ്ഡ് സമ്പ്രദായത്തിലാണ് എയ്ഡഡ് സ്കൂളുകൾ പ്രവർത്തിച്ചിരുന്നത്. മാനേജർമാർക്ക് ലഭിച്ചിരുന്ന ഗ്രാന്റിൽ നിന്നും വളരെ തുച്ഛമായ തുക മാത്രമേ അധ്യാപകർക്ക് ശമ്പളമായി നൽകിയിരുന്നുള്ളൂ. അധ്യാപകർക്ക് തങ്ങൾക്ക് ലഭിക്കാത്ത തുക കൈപ്പറ്റിയതായി ഒപ്പിട്ടുനൽകേണ്ടിവന്നിരുന്നു. ഇതു ചോദ്യം ചെയ്താൽ അതിന്റെ പ്രത്യാഘാതം പലവിധത്തിൽ അനുഭവിക്കേണ്ടിവന്നിരുന്നു. അക്കാലത്ത് രൂപീകൃതമായ കേരളത്തിലെ പുരോഗമന അധ്യാപക പ്രസ്ഥാനങ്ങൾ ഇത്തരം നടപടികളെ ചോദ്യം ചെയ്തിരുന്നു.

കേരള സംസ്ഥാനം രൂപീകൃതമായതിനുശേഷം 1957-ൽ അധികാരത്തിൽവന്ന സ: ഇ.എം.എസിന്റെ നേതൃത്വത്തിലുള്ള പ്രഥമ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ഈ അവസ്ഥയ്ക്ക് മാറ്റം വരുത്താൻ തീരുമാനിച്ചു. 1957 ഒക്ടോബർ മുതൽ എയ്ഡഡ് സ്കൂളുകളിൽ ഹെഡ്മാസ്റ്റർമാർ മുഖേന ശമ്പളവിതരണം ആരംഭിച്ചു. കേരളത്തിലെ സർക്കാർ സ്കൂൾ അധ്യാപകർ അനുഭവിക്കുന്ന സേവന - വേതന വ്യവസ്ഥകൾ എയ്ഡഡ് സ്കൂൾ അധ്യാപകർക്കും ബാധകമാക്കി. കൂടാതെ, ആ ഗവൺമെന്റ് വിദ്യാഭ്യാസത്തെ ജനാധിപത്യവൽക്കരിക്കുകയും അധ്യാപകരുടെ താത്പര്യങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ ബില്ല്

നിയമസഭയിൽ അവതരിപ്പിച്ചു. ഈ ബില്ലിലെ 11, 12 വകുപ്പുകൾവഴി സംവരണതത്വങ്ങൾ പാലിച്ചുകൊണ്ട് പി.എസ്.സി. വഴി വേണം മാനേജർമാർ അധ്യാപകരെ നിയമിക്കേണ്ടതെന്നും അതിനാൽതന്നെ മാനേജർമാർക്ക് അധ്യാപകരുടെ മേൽ ശിക്ഷാധികാരം ഇല്ലെന്നും വ്യക്തമാക്കി.

അധ്യാപകരുടെ മാഗ്നാകാർട്ട ആയിരുന്ന ആ ബില്ലിനെതിരെ കോൺഗ്രസ്സ് ഉൾപ്പെടെയുള്ള രാഷ്ട്രീയകക്ഷികളും അവരെ തുണയ്ക്കുന്ന അധ്യാപകസംഘടനകളും മാനേജർമാരും ജാതിമതസംഘടനകളും ചേർന്ന് വിമോചനസമരമെന്ന് കുപ്രസിദ്ധമായ സമരാഭാസം സംഘടിപ്പിക്കുകയും തുടർന്ന് ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിലുള്ള കേന്ദ്ര ഗവൺമെന്റ് കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട സർക്കാരിനെ പിരിച്ചുവിടുകയും ചെയ്തു. തുടർന്ന് അധികാരത്തിൽ വന്ന മുക്കൂട്ടുമുന്നണി ഗവൺമെന്റ് വിദ്യാഭ്യാസ ബില്ലിലെ 11, 12 വകുപ്പുകൾ റദ്ദാക്കി. പിന്നീട് കേരളത്തിൽ അധികാരത്തിൽ വന്ന ഗവൺമെന്റുകളൊന്നും ഈ വകുപ്പുകൾ പുനഃസ്ഥാപിക്കാൻ തയ്യാറായില്ല.

ഇന്നും കേരളത്തിലെ ചില മാനേജ്മെന്റ് സ്കൂളുകളിൽ അധ്യാപകദ്രോഹ നടപടികൾ മുൻകാലത്തേതെന്നതുപോലെ തുടരുകയാണ്. അധ്യാപക നിയമനരംഗത്ത് വൻതോതിൽ കോഴപ്പണമൊഴുകുകയാണ്. അധ്യാപകർക്കെതിരെ കള്ളക്കേസുകൾ ഉൾപ്പെടെ സൃഷ്ടിച്ച് ക്രൂരമായ നടപടികൾ കൈക്കൊള്ളുകയാണ് മാനേജർമാർ പിരിച്ചുവിടൽ ഉൾപ്പെടെയുള്ള നടപടികൾക്ക് ഇന്നും അധ്യാപകർ വിധേയരാവുന്നു. ഇത്തരം നടപടികൾക്കൊടുവിലാണ് അനീഷ്മാസ്റ്റർക്ക് ജീവിതം അവസാനിപ്പിക്കേണ്ടിവന്നത്. മാനേജർമാരുടെ ധാർഷ്ഠ്യം നിറഞ്ഞ ഇത്തരം നടപടികൾ അധ്യാപകരുടെ ജോലിസംരക്ഷണത്തിനും ആത്മാഭിമാനത്തിനും വിലങ്ങുതടിയാവുകയാണ്. ഇത്തരം നടപടികൾ ഒരു പുരോഗമന ജനാധിപത്യസമൂഹത്തിൽ അനുവദിച്ചുകൂടാ. ആയതിനാൽ കേരളത്തിലെ സ്വകാര്യ സ്കൂൾ അധ്യാപകനിയമനം പി.എസ്.സി.ക്ക് വിടണമെന്നും മാനേജർമാരുടെ ശിക്ഷാധികാരം എടുത്തുകളയണമെന്നും ഈ സമ്മേളനം ആവശ്യപ്പെടുന്നു.

## കേരളത്തോടുള്ള കേന്ദ്ര അവഗണനയിൽ പ്രതിഷേധിക്കുക

കേരളത്തോടുള്ള കേന്ദ്ര അവണഗണന സകല സീമകളും ലംഘിക്കുകയാണ്. കേരളത്തിനർഹമായതെല്ലാം നിഷേധിക്കപ്പെടുന്ന അവസ്ഥയാണുള്ളത്. ശക്തമായ ഫെഡറൽ സംവിധാനങ്ങളാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിത്തറ. സംസ്ഥാനങ്ങളിൽ തുല്ല്യമായ സാമ്പത്തിക വികസനം ഉറപ്പാക്കേണ്ട ഉത്തരവാദിത്വം കേന്ദ്രസർക്കാരിനാണ്. തുല്ല്യമായ സാമ്പത്തിക വിഭജനത്തിന്റെ ഉത്തരവാദിത്വവും കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണ്. എന്നാൽ അന്ധമായ രാഷ്ട്രീയ വിരോധംവെച്ച് എല്ലാ മേഖലയിലും കേരളത്തെ അവഗണിക്കുകയാണ് മോദി ഭരണം. പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളെപ്പോലും അട്ടിമറിക്കുന്ന നിലപാടാണ് കേന്ദ്രം കൈക്കൊള്ളുന്നത്. ലോകരാഷ്ട്രങ്ങൾ മുഴുവൻ കേരള ജനതയ്ക്കായി സഹായഹസ്തവുമായി എത്തിയപ്പോൾ അതെല്ലാം തടയുകയും പരിമിതമായ സാമ്പത്തികസഹായം മാത്രം അനുവദിച്ച് കേരളത്തെ ശ്വാസംമുട്ടിക്കുകയുമാണ് കേന്ദ്രസർക്കാർ ചെയ്തത്. 40000 കോടിരൂപയുടെ നാശനഷ്ടങ്ങളുണ്ടായ സംസ്ഥാനത്തിന് 3100 കോടിരൂപയുടെ സഹായം നൽകാമെന്നാണ് ഇപ്പോഴത്തെ പ്രഖ്യാപനം. പ്രളയദുരിതകാലത്ത് കേരളത്തിനനുവദിച്ച ഭക്ഷ്യധാന്യങ്ങളുടെ തുക സംസ്ഥാന സർക്കാർ നൽകണമെന്ന വിലകുറഞ്ഞ പകപോക്കൽ നിലപാടും കേന്ദ്രം കൈക്കൊണ്ടു. മഹാപ്രളയത്തെ ഒറ്റക്കെട്ടായിനിന്ന് നേരിട്ട സംസ്ഥാനത്തെ എങ്ങിനെയെങ്കിലും തകർക്കണമെന്ന സങ്കുചിത രാഷ്ട്രീയ നിലപാട് കൈക്കൊള്ളുകയാണ്

മോദിഭരണം. സംസ്ഥാനം ഏറെക്കാലമായി ആവശ്യപ്പെടുന്ന പദ്ധതികളെല്ലാം അവഗണിക്കപ്പെടുകയാണ്. കേരളത്തിന് അനുവദിക്കപ്പെട്ടു എന്ന് വർഷങ്ങൾക്കുമുൻപ് പ്രഖ്യാപനം നടത്തിയ പാലക്കാട് കോച്ച് ഫാക്ടറി ഉപേക്ഷിക്കപ്പെട്ടു. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കഞ്ചിക്കോട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് വിൽപ്പനയ്ക്കു വെച്ചപ്പോൾ സംസ്ഥാന സർക്കാർ ഏറ്റെടുത്തു. മറ്റൊരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ BEML (ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്) വില്പനയുടെ പാതയിലാണ്. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളവും വില്പനക്കായി തയ്യാറായിരിക്കുന്നു. കൊച്ചിൻ ഷിപ്പ്യാർഡ് അടക്കമുള്ള കേന്ദ്രസ്ഥാപനങ്ങളുടെ എല്ലാം ഓഹരി വിറ്റഴിക്കൽ തകൃതിയായി തുടരുന്നു. കേരളത്തിന് പുതിയ സ്ഥാപനങ്ങളൊന്നും അനുവദിക്കുന്നില്ലെന്ന് മാത്രമല്ല നിലവിലുള്ള സ്ഥാപനങ്ങളെ എല്ലാം തകർക്കുന്ന നിലപാടാണ് കേന്ദ്രം കൈക്കൊള്ളുന്നത്. കേരളത്തിന്റെ ഏറെക്കാലത്തെ ആവശ്യങ്ങളായ റെയിൽവേ സോൺ, അതിവേഗ റെയിൽപ്പാത തുടങ്ങിയവയെല്ലാം തഴയപ്പെടുകയാണ്. സംസ്ഥാനം നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് നാണ്യവിളകളുടെ വിലയിടിവ്. ഇക്കാര്യത്തിൽ കർഷകരെ സഹായിക്കുന്ന ഒരു നിലപാടും കേന്ദ്രസർക്കാരിൽനിന്നും ഉണ്ടാവുന്നില്ല. റബ്ബർ വിലസ്ഥിരതാ ഫണ്ട്, റബ്ബർ ഇറക്കുമതി ചുങ്കം ഉയർത്തണമെന്ന ആവശ്യം, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദവും വിപണനവും സാധ്യമാകുന്ന പദ്ധതികൾക്ക് കൂടുതൽ കേന്ദ്രസഹായം തുടങ്ങിയ ആവശ്യങ്ങളെല്ലാം തന്നെ അവഗണിക്കപ്പെട്ടു.

തിരുവനന്തപുരം RCCയെ ദേശീയ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി പ്രഖ്യാപിക്കുക, തൊഴിലുറപ്പ് പദ്ധതിയിൽ തോട്ടം മേഖലയെ ഉൾപ്പെടുത്തുക, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക സുരക്ഷിതത്വത്തിനായി ആദായനികുതി നിയമത്തിൽ ഭേദഗതിവരുത്തുക തുടങ്ങിയ ഒരു ആവശ്യവും കേന്ദ്രം അംഗീകരിച്ചില്ല. എല്ലാ കേന്ദ്രബജറ്റുകളിലും കേരളത്തിന് അർഹമായ വിഹിതം നിക്ഷേപിക്കുന്ന സമീപനമാണുണ്ടാവുന്നത്.

വിദ്യാഭ്യാസ പദ്ധതികളുടെ മേഖലയിലും കേരളത്തിന് കടുത്ത അവഗണനയാണ്. സമഗ്രശിക്ഷ പദ്ധതിയുടെ ഭാഗമായി കേരളം തയ്യാറാക്കിയ 1941 കോടി രൂപയുടെ പദ്ധതി വെട്ടിച്ചുരുക്കി 729 കോടി രൂപ മാത്രം അംഗീകരിക്കുമെന്നും ഇതിൽതന്നെ കേന്ദ്രവിഹിതമായി ലഭിക്കേണ്ട 437 കോടി രൂപ അനുവദിക്കുമെന്നുമായിരുന്നു ആദ്യപ്രഖ്യാപനം. എന്നാൽ രാഷ്ട്രീയ വിരോധം വെച്ച് വീണ്ടും വെട്ടിക്കുറച്ച് 206 കോടി രൂപ മാത്രം അനുവദിക്കുകയും കേരളത്തിനുള്ള വിഹിതം അവസാനിച്ചതായി അറിയിക്കുകയും ചെയ്തു. ഇത്തരം വഞ്ചനാപരമായ നിലപാടാണ് കഴിഞ്ഞ രണ്ടുവർഷമായി കേന്ദ്രം തുടരുന്നത്. വിദ്യാഭ്യാസ, ആരോഗ്യമേഖലകളിൽ കേരളം നേടിയ നേട്ടങ്ങൾ ചൂണ്ടിക്കാട്ടി അർഹതപ്പെട്ട വിഹിതം നിഷേധിക്കുകയാണ്. ഇതേ നിലപാടുതന്നെയാണ് ഉന്നത വിദ്യാഭ്യാസരംഗത്തും കൈക്കൊള്ളുന്നത്. പരിമിതമായ വിഭവസമാഹരണത്തിനകത്തു നിന്നുകൊണ്ട് ലോകവിസ്മയമായി മാറിയ നമ്മുടെ സംസ്ഥാനത്തെ തകർക്കാനുള്ള കേന്ദ്രനീക്കം ഉപേക്ഷിക്കണമെന്നും, കേരളത്തോട് തുടരുന്ന കേന്ദ്ര അവഗണന അവസാനിപ്പിക്കണമെന്നും ഈ സമ്മേളനം ആവശ്യപ്പെടുന്നു.

## കലാ-കായിക-പ്രവൃത്തിപരിചയ അധ്യാപകരുടെ സേവനം എല്ലാ വിദ്യാലയങ്ങളിലും ലഭ്യമാക്കുക

അധ്യാപകരുടെ ജോലിസംരക്ഷണ കാര്യത്തിൽ ഏറ്റവും മികച്ച ഇടപെടലുകളാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. അനിശ്ചിതമായി നീട്ടിവെക്കപ്പെട്ടിരുന്ന തസ്തികാ നിർണ്ണയ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുകയും തസ്തിക നഷ്ടപ്പെട്ട അധ്യാപകരെ പുനർവിന്യസിക്കുകയും ചെയ്തു. ഇതുമായി ബന്ധ

പ്പെട്ട് സമഗ്രവും സമയബന്ധിതവുമായ ഇടപെടലാണ് ഓരോ വർഷവും സർക്കാർ കൈക്കൊണ്ടത്. അധ്യാപകരെ സംരക്ഷിക്കുന്നതിനായി എല്ലാ തലത്തിലും അധ്യാപക വിദ്യാർത്ഥി അനുപാതത്തിൽ കുറവുവരുത്തി. കലാ കായിക പ്രവൃത്തിപരിചയ മേഖലയിൽ നിലവിലുള്ള തസ്തികകൾ നിലനിർത്തുന്നതിനായി മിനിമം 500 കുട്ടികൾ വേണമെന്നുള്ളത് 300 ആക്കി മാറ്റാൻ തയ്യാറായി. പൊതുവിദ്യാലയങ്ങളോടും അധ്യാപകരോടുമുള്ള പ്രതിബദ്ധത തന്നെയാണ് ഈ നടപടികളിലൂടെ സർക്കാർ കാണിച്ചത്.

കലാ - കായിക - പ്രവൃത്തിപരിചയ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കണമെന്ന് വിദ്യാഭ്യാസ അവകാശ നിയമം നിഷ്കർഷിക്കുന്നു. കേരള സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവും ഈ നിലപാട് ആവർത്തിക്കുന്നു. സമഗ്രശിക്ഷാ പദ്ധതിക്കു കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രണ്ടായിരത്തിലധികം കലാ - കായിക- പ്രവൃത്തിപരിചയ അധ്യാപകരെ നിയമിക്കുകയുണ്ടായി. ഇവരുടെ ശമ്പളം നാലിലൊന്നായി കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചെങ്കിലും സംസ്ഥാന സർക്കാറിന്റെ ഇടപെടലോടെ ഈ വർഷവും ഇവരുടെ സേവനം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ വിദ്യാലയങ്ങളിലും കലാ-കായിക-പ്രവൃത്തിപരിചയ അധ്യാപകരുടെ സേവനം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള വ്യവസ്ഥകളിൽ കാലോചിതമായ മാറ്റം വരുത്തണം. കഴിഞ്ഞ വർഷം 25200 രൂപ വേതനം നൽകിയപ്പോൾ ഈ വർഷം കേന്ദ്രസർക്കാർ അത് വെട്ടിക്കുറച്ച് 7000 ആക്കി. ഇതിൽ 4200 കേന്ദ്രവിഹിതവും ബാക്കി 2800 സംസ്ഥാന വിഹിതവുമാണ്. കേന്ദ്രം വിഹിതം വെട്ടിക്കുറച്ച സാഹചര്യത്തിൽ 2800 പുറമെ 7000 രൂപകൂടി സംസ്ഥാനം അധിക വിഹിതം അനുവദിച്ചു. അങ്ങനെ 9800 രൂപ സംസ്ഥാന വിഹിതം ഉൾപ്പെടെ 14000 രൂപ വേതനം അനുവദിച്ചു. എല്ലാകുട്ടികൾക്കും കാലാകായിക അധ്യാപകരുടെ സേവനം ഉറപ്പുവരുത്തണം. ഒന്നുമുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ എണ്ണമോ പിരീഡോ കണക്കാക്കാതെ കായികാധ്യാപകരുടെ സേവനം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണം. കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖല സംരക്ഷിക്കാനും മെച്ചപ്പെടുത്താനും പ്രതിജ്ഞാബദ്ധമായ ഇടതുപക്ഷ സർക്കാർ കലാ-കായിക പ്രവൃത്തിപരിചയ അധ്യാപകരുടെ സേവനം എല്ലാ വിദ്യാലയങ്ങളിലും ലഭ്യമാക്കുന്നതിനായി നിലവിലെ കെ.ഇ.ആർ. വ്യവസ്ഥകളിൽ ആവശ്യമായ മാറ്റം വരുത്തണമെന്ന് ഈ സമ്മേളനം സർക്കാരിനോട് ആവശ്യപ്പെടുന്നു.

## പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുക

എൻസിഎഫ് 2005 ന്റെ ചുവടുപിടിച്ച് തയ്യാറാക്കപ്പെട്ട കേരള കരിക്കുലം ഫ്രെയിംവർക്കിന്റെ (2007) അടിസ്ഥാനത്തിൽ പാഠ്യപദ്ധതി നവീകരിച്ച് ഒരു പതിറ്റാണ്ട് പിന്നിട്ടിരിക്കുന്നു. പാഠ്യപദ്ധതിയുടെ കാതലായ സാമൂഹ്യജ്ഞാന നിർമ്മിതി വാദത്തെയും വിമർശനാത്മക പഠനത്തെയും ശിശു കേന്ദ്രിത സമീപനത്തെയും നിരാകരിക്കുന്ന രീതിയിൽ പിന്നീട് വന്ന യുഡിഎഫ് ഗവൺമെന്റ് തിരുത്തലുകൾ വരുത്തുകയും പാഠപുസ്തകങ്ങൾ മാറ്റുകയും ചെയ്തു. അറിവ് നിർമ്മാണം അല്ല പാഠപുസ്തകങ്ങളിൽ സംഭരിച്ചുവെച്ച അറിവിനെ കുട്ടികളിലേക്ക് പകരുകയാണ് വേണ്ടത് എന്ന കാഴ്ചപ്പാട് പുലർത്തുന്നതാണ് നിലവിലുള്ള പാഠപുസ്തകങ്ങൾ. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ഈ പുസ്തകങ്ങളെയാകെ പരിശോധിക്കുകയും 9, 10 ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ അടുത്തവർഷം മുതൽ തന്നെ ചില മാറ്റങ്ങൾ വരുത്താൻ നിശ്ചയിക്കുകയും ചെയ്തു. നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്കിന്റെ (NSQF) ഭാഗമായി തൊഴിൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ആശയങ്ങൾ ചേർക്കാനും ഡിജിറ്റലൈസ് ചെയ്ത പുതിയ ക്ലാ

സ് മുറികൾക്ക് അനുസരിച്ച് പാഠങ്ങൾ മാറ്റാനും നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രകൃതിപാഠങ്ങൾ ചേർക്കാനും നാഷണൽ സ്റ്റഡിയുടെ ഭാഗമായി കണ്ടെത്തിയ പോരായ്മകൾ പരിഹരിക്കാനുതകുന്ന മാറ്റങ്ങളും പാഠപുസ്തകത്തിലും പാഠ്യപദ്ധതിയിലും വരുത്തേണ്ടതുണ്ട്. അതിനാവശ്യമായ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. പാഠ്യപദ്ധതി മാറ്റത്തിന് ശേഷം പിന്നിട്ട ഒരു പതിറ്റാണ്ടു കാലത്തിനിടയ്ക്ക് ലോകമാകെ നിരവധി മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. സാങ്കേതികവിദ്യയുടെ വളർച്ച അനന്തമായ സാധ്യതകൾ തുറന്നിട്ടിരിക്കുന്നു. ഹൈസ്കൂൾ, ഹയർസെക്കൻന്ററി, പ്രൈമറി വിദ്യാലയങ്ങളിലെ ഏകദേശം 60,000 ക്ലാസ് മുറികൾ ഡിജിറ്റലൈസ് ചെയ്യപ്പെട്ടിരിക്കുന്നു. ഇതനുസരിച്ച് ക്ലാസ്സ്റൂം വിനിമയത്തിന് പ്രാപ്തമായരീതിയിൽ പാഠ്യപദ്ധതിയും അനുബന്ധമായ പഠനസാമഗ്രികളും മാറേണ്ടതുണ്ട്.

1892 ൽ സ്വാമി വിവേകാനന്ദൻ കേരളത്തെ ഭ്രാന്താലയം എന്ന് ആക്ഷേപിച്ചിടത്ത് ഒരു നൂറ്റാണ്ട് പിന്നിടുമ്പോൾ ദൈവത്തിന്റെ സ്വന്തം നാട് എന്ന വിശേഷണത്തിലേക്ക് കണ്ണഞ്ചിപ്പിക്കുന്ന വേഗത്തിൽ നാം മുന്നേറിയിട്ടുണ്ട്. നവോത്ഥാന പ്രസ്ഥാനങ്ങളും വിദ്യാഭ്യാസ പ്രവർത്തനങ്ങളും പരസ്പരപൂരകമായി ഒരു നാടിനെയാകെ മാറ്റിമറിച്ചപ്പോഴാണ് ആധുനിക കേരളം രൂപപ്പെട്ടത്. എന്നാൽ ആഗോളീകരണ നയങ്ങൾ സൃഷ്ടിച്ച വിടവ് വിദ്യാഭ്യാസത്തെയും നവോത്ഥാന മൂല്യങ്ങളെയും അകറ്റിയിരിക്കുന്നു. വിദ്യാസമ്പന്നർ എന്ന് അഭിമാനിക്കുന്നവർ തന്നെ അന്ധവിശ്വാസങ്ങളുടേയും അനാചാരങ്ങളുടേയും അടിമകളാണ്. നമ്മുടെ പാഠ്യപദ്ധതിയിൽ മൂല്യ വിദ്യാഭ്യാസത്തിന് വേണ്ടത്ര ഇടം ഇല്ലാതെ പോയതാണോ ഈ പ്രശ്നത്തിന് കാരണമായത് എന്ന് പരിശോധിക്കണം. യുക്തിബോധവും സാമൂഹ്യബോധവും ഭരണഘടനയോട് അചഞ്ചലമായ കൂറ് ജനാധിപത്യ-മതനിരപേക്ഷ സംസ്കാരവും തന്നെക്കാൾ എളിയവരോടുള്ള അനുകമ്പയും വിവേകവുമുള്ള തലമുറയുണ്ടാകണമെങ്കിൽ വിദ്യാഭ്യാസം വഴിതേടേണ്ടതെന്തെന്ന് പാഠ്യപദ്ധതിയുടെ ഭാഗമായി നിശ്ചയിക്കപ്പെടണം.

മൂല്യനിർണയ രീതിയിലും ഗൗരവമായ മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്. പരീക്ഷ ഇപ്പോഴും കുട്ടിക്ക് 'എന്ത് അറിയില്ല' എന്ന് പരിശോധിക്കാനുള്ള ഉപാധിയാണ്. പരീക്ഷയിൽ കൂടുതൽ കുട്ടികൾ തോൽക്കുന്നതാണ് വിദ്യാഭ്യാസ ഗുണനിലവാരത്തിന്റെ സൂചകമായി ചിലർ കരുതുന്നത്. മൂല്യനിർണയ ഫലങ്ങളെ സൂക്ഷ്മമായി വിശകലനം ചെയ്യുന്ന അധ്യാപകന് സ്വയം മാറ്റങ്ങൾ വരുത്താനുള്ള അവസരം മൂല്യനിർണയം നൽകുന്നുണ്ട്. പഠനപ്രക്രിയക്കൊപ്പം നടക്കുന്ന മൂല്യനിർണയമാണ് പ്രധാനം. പഠനം നടക്കുമ്പോൾ തന്നെ കുറവുകൾ പരിഹരിക്കണം. ഇതിനാവശ്യമായ പ്രായോഗിക തന്ത്രങ്ങൾ രൂപപ്പെടുത്തണം.

മേൽചേർത്ത കാര്യങ്ങൾ സൂചിപ്പിക്കുന്നത് സമഗ്രമായ ഒരു പാഠ്യപദ്ധതി പരിഷ്കരണം അത്യാവശ്യമാണ് എന്നതാണ്. പാഠ്യപദ്ധതിയിലും പഠനസാമഗ്രികളിലും സമഗ്രമായ പരിഷ്കരണം വരുത്തുന്നതിനുള്ള നടപടികൾ ആരംഭിക്കണമെന്ന് ഈ സമ്മേളനം സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

## റിസോഴ്സ് അധ്യാപകരുടെ പ്രശ്നങ്ങൾ പരിപരിക്കുക

പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് തുല്യനീതിയും തുല്യാവസരങ്ങളും ഒരുക്കേണ്ടതും അനുയോജ്യ വിദ്യാഭ്യാസത്തിനുള്ള അവസരമൊരുക്കേണ്ടതും സിഡബ്ല്യുഡി ആക്ട് അനുസരിച്ച് കേന്ദ്ര -സംസ്ഥാന ഗവൺമെന്റുകളുടെ ഉത്തരവാദിത്തമാണ്. ഇക്കാര്യം പരിഗണിച്ചുകൊണ്ടാണ് റിസോഴ്സ് അധ്യാപകർ നിയമിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടി (ഡിപിഇപി) നടപ്പാക്കിയതോടെ 1994 മുതൽ നമ്മുടെ സംസ്ഥാനത്ത് റിസോഴ്സ് അധ്യാപകർ നിയമിക്കപ്പെടാൻ തുടങ്ങിയിരുന്നു. പിന്നീട് വന്ന സർവ്വ

ശിക്ഷാ അഭിയാൻ വഴി പ്രൈമറി തലത്തിലും രാഷ്ട്രീയ മാധ്യമിക് ശിക്ഷ അഭിയാൻ വഴി സെക്കന്ററി തലത്തിലും റിസോഴ്സ് അധ്യാപകർ നിയമിതരായി. 2018 സമഗ്ര ശിക്ഷ കേരള രൂപീകരിച്ചതോടെ റിസോഴ്സ് അധ്യാപകരുടെ ഉത്തരവാദിത്തം പ്രീ പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെ വ്യാപിച്ചിരിക്കുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതി എന്ന നിലയ്ക്ക് സമഗ്രശിക്ഷ ഈവർഷം 1941 കോടി രൂപയുടെ പദ്ധതി സമർപ്പിക്കപ്പെട്ടെങ്കിലും 206 കോടി രൂപ മാത്രമാണ് ലഭ്യമാകുക. സംസ്ഥാന വിഹിതമായ 137 കോടി രൂപ കൂടി ചേർന്നാൽ 343 കോടിരൂപയാണ് സമഗ്രശിക്ഷ കേരളയുടെ നടത്തിപ്പിനായി ലഭ്യമാകുക എന്നിരിക്കെ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ മേഖലയിൽ നടക്കുന്ന പ്രവർത്തനങ്ങളിലും സാമ്പത്തിക പ്രയാസം അനുഭവപ്പെടുന്നു. സ്കൂൾ പ്രവർത്തി സമയങ്ങളിൽ എല്ലാ വിദ്യാലയങ്ങളിലും റിസോഴ്സ് അധ്യാപകരുടെ സേവനം ആവശ്യമുണ്ട്. ഗൃഹാധിഷ്ടിത വിദ്യാഭ്യാസം റിസോഴ്സ് അധ്യാപകരുടെ മറ്റൊരു ചുമതലയാണ്. കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട അധ്യാപകരാണ് ഇപ്പോൾ നിലവിലുള്ളത്. സി ഡബ്ല്യുഡി ആക്ട് അനുസരിച്ച് പൂർണ്ണമായും ഇവരുടെ സേവനം ലഭ്യമാക്കണം എന്നിരിക്കെ സ്കൂളുകളിൽ റിസോഴ്സ് അധ്യാപകരുടെ സ്ഥിരം സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാവണം. ഈ മേഖലയിലെ മുഴുവൻ റിസോഴ്സ് അധ്യാപകരെയും സ്ഥിരപ്പെടുത്തി ശമ്പളവും ആനുകൂല്യങ്ങളും നൽകാനുള്ള നടപടികൾ സ്വീകരിക്കണം. ലീവ് സറണ്ടർ, പിടിഎ, ക്ഷാമബത്ത, ഉത്സവബത്ത, ആരോഗ്യ ഇൻഷുറൻസ്, പ്രസവാവധി തുടങ്ങിയ ആനുകൂല്യങ്ങൾ റിസോഴ്സ് അധ്യാപകർക്കും ലഭ്യമാക്കണം.

ഈ സാഹചര്യത്തിൽ റിസോഴ്സ് അധ്യാപകർക്ക് ജോലിസ്ഥിരത ഉറപ്പുവരുത്തണമെന്നും റിസോഴ്സ് അധ്യാപകരുടെ സേവനം കേരള വിദ്യാഭ്യാസ നിയമത്തിന്റെ ഭാഗമാക്കണമെന്നും മറ്റ് ജീവനക്കാർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും റിസോഴ്സ് അധ്യാപകർക്കും ലഭ്യമാക്കണമെന്നും ഈ സമ്മേളനം സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

## എല്ലാ വിദ്യാലയങ്ങളിലും പ്രീ പ്രൈമറി വിഭാഗം ആരംഭിക്കുക അധ്യാപകർക്കും ആയമാർക്കും ശമ്പളസ്കെയിൽ അനുവദിക്കുക.

കേരളത്തിൽ പൊതുവിദ്യഭ്യാസ മേഖല വമ്പിച്ച മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. പ്രീസ്കൂൾ മുതൽ ഹയർസെക്കന്ററി തലം വരെയുള്ള വിദ്യാഭ്യാസം ഒരു കുടക്കീഴിലാക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പ്രീസ്കൂൾ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും സംഘാടനത്തിലും പുരോഗമനപരമായ മാറ്റങ്ങൾ വന്നു തുടങ്ങിയിരിക്കുന്നു. ശാസ്ത്രീയമായ അധ്യാപക പരിശീലനങ്ങൾ നടപ്പിലാക്കിവരികയാണ്.

പ്രീ പ്രൈമറി മേഖലയിൽ ഇനിയും നിരവധിയായ പ്രശ്നങ്ങൾ നിലനിൽക്കുന്നു. സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ചുരുക്കം ചില വിദ്യാലയങ്ങളിലാണ് അംഗീകാരമുള്ള പ്രീപ്രൈമറി സംവിധാനം നിലനിൽക്കുന്നത്. ഇവിടുത്തെ ജീവനക്കാർക്ക് ശമ്പള സ്കെയിൽ ഉണ്ട്. കൂടാതെ സർക്കാർ വിദ്യാലയങ്ങളിൽ അംഗീകാരമുള്ള പ്രീപ്രൈമറി വിഭാഗവും 2012 ന് ശേഷം പി.ടി.എ ആരംഭിച്ച പ്രീ പ്രൈമറിയും എയ്ഡഡ് സ്കൂളുകളിലെ പ്രീപ്രൈമറി ക്ലാസുകളും എല്ലാമായി ഭൂരിഭാഗം പ്രൈമറി സ്കൂളുകളിലും പ്രീ പ്രൈമറി വിഭാഗം നില

നിൽക്കുന്നുണ്ട്. പ്രീസ് കൂൾ മുതൽ സെക്കന്ററി തലം വരെയുള്ള വിദ്യാഭ്യാസം വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നു.സമഗ്ര ശിക്ഷാ കേരള പ്രീ പ്രൈമറി മേഖല യിൽ പ്രത്യേക പരിപാടികൾ നടപ്പിലാക്കി വരുന്നു. പൊതുവിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം പൂർണമാവണമെങ്കിൽ എല്ലാ വിദ്യാലയങ്ങളിലും അംഗീകാരമുള്ള പ്രീ സ്കൂൾ വിദ്യാഭ്യാസം നടപ്പിലാക്കേണ്ടതുണ്ട്. കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലും പ്രീപ്രൈമറി ആരംഭിക്കാനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണം. സർക്കാർ സ്കൂളിനോട് അനുബന്ധിച്ച് 2012 ന് ശേഷം ആരംഭിച്ച പ്രീപ്രൈമറികളോടൊപ്പം എയ്ഡഡ് സ്കൂളുകളിൽ ഇപ്പോൾ പ്രവൃത്തിച്ചുകൊണ്ടിരിക്കുന്ന പ്രീപ്രൈമറികൾക്ക് അംഗീകാരം നൽകുകയും വേണം. ഈ മേഖലയിലെ അധ്യാപകരുടെ പ്രശ്നങ്ങൾക്കും അടിയന്തിരമായി പരിഹാരം കാണേണ്ടതുണ്ട്. 4816 പേർക്ക് മാത്രമാണ് ഹോണേറേറിയം ലഭിക്കുന്നത്. ലഭിക്കുന്ന ഹോണറേറിയവും വളരെ കുറഞ്ഞ തുകയുമാണ്.

എല്ലാ വിദ്യാലയങ്ങളിലും പ്രീ പ്രൈമറി ക്ലാസുകൾ ആരംഭിക്കണമെന്നും, അധ്യാപിക ആയമാർക്ക് ശമ്പളസ്കെയിൽ അനുവദിക്കണമെന്നും ഈ സമ്മേളനം സർക്കാരിനോട് ആവശ്യപ്പെടുന്നു.

## എല്ലാ കുട്ടികളെയും തൊഴിലിന് പ്രാപ്തമാക്കുന്ന തരത്തിൽ പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുക

കെസിഎഫ് 2007 നിർദ്ദേശിക്കുന്നത് പോലെ പൊതുവിദ്യാഭ്യാസത്തിന്റെ കരിക്കുലം തൊഴിൽ വൈദഗ്ധ്യവും തൊഴിൽ മനോഭാവവും ഉണ്ടാക്കുന്ന രീതിയിലാവണം. ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന ദേശീയ വൈദഗ്ധ്യ യോഗ്യതാ ചട്ടക്കൂട് (എൻഎസ്ക്യുഎഫ്) സ്വകാര്യവൽക്കരണം നിയന്ത്രിച്ചുകൊണ്ടുള്ള സമീപനമാണ് വേണ്ടത്. വളരെ വേഗം കാലഹരണപ്പെട്ട് പോകാത്തതും സംസ്ഥാനത്തെ കുട്ടികൾക്ക് അനുയോജ്യമായതും തൊഴിൽ പഠനത്തിന്റെ ഭാഗമായി കാലാകാലങ്ങളിൽ മാറ്റങ്ങൾ വരുത്താൻ കഴിയുന്നതുമായ കരിക്കുലമാണ് ഹയർസെക്കന്ററി തലത്തിൽ നടപ്പിലാക്കേണ്ടത്. അദ്ധ്യാപക പരിശീലനത്തിലും മൂല്യനിർണയത്തിലുമുള്ള സ്വകാര്യ കച്ചവട താൽപര്യങ്ങളെ കടിഞ്ഞാണിട്ടുകൊണ്ട് ഇത്തരം സംവിധാനങ്ങളെ  സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരണം. സംസ്ഥാന സർക്കാർ ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്നതും നിർദേശിച്ചിട്ടുള്ളതു മായ തൊഴിലിടങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പഠനപ്രവർത്തനങ്ങളാണ് അഭികാമ്യം. ഇങ്ങനെ ഗുണമേന്മയുള്ളതും സർക്കാർ നിയന്ത്രണത്തിനു വിധേയമായതും സമഗ്രമായതുമായ ഒരു തൊഴിൽ വിദ്യാഭ്യാസ പദ്ധതി പൊതുവിദ്യാഭ്യാസത്തിൽ ചേർത്തു നടപ്പിലാക്കണമെന്ന് സമ്മേളനം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു.

## ഭരണഘടനാമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുക, ലിംഗസമത്വം ഉറപ്പുവരുത്തുക

രണ്ട് നൂറ്റാണ്ടുകാലത്തെ സാമ്രാജ്യത്വ-ജന്മിത്വ വിരുദ്ധ പ്രക്ഷോഭങ്ങളുടെ ഭൂമികയിൽനിന്ന് ഊതി കാച്ചിയെടുത്ത, ദേശീയ സ്വാതന്ത്ര്യകാലത്തെ ജനാഭിലാഷങ്ങളെ പ്രതിനിധീകരിക്കുന്ന, ഇന്ത്യൻ ജനത നിർമ്മിച്ച് ഇന്ത്യക്കാർക്കായി സമർപ്പിച്ച അടിസ്ഥാന മൂല്യസം

ഹിതയാണ് ഇന്ത്യൻ ഭരണഘടന. ലോകത്ത് രചിക്കപ്പെട്ടതിൽവെച്ച് ഏറ്റവും വലിയ ഭരണഘടനയാണ് നമ്മുടേത്. രാഷ്ട്രത്തെ സംബന്ധിച്ച്, രാഷ്ട്രത്തിന്റെ അധികാരങ്ങളും അവകാശങ്ങളും, ഭരണഘടനാ സ്ഥാപനങ്ങൾ, മൗലികാവകാശങ്ങൾ, നിർദ്ദേശകതത്വങ്ങൾ, പൗരന്റെ ത്തരവാദിത്തങ്ങൾ എല്ലാമുൾച്ചേർന്ന രാജ്യത്തിന്റെ പരമാധികാര നിയമമാണത്.

1950 ജനുവരി 26ന് നിലവിൽ വന്ന നമ്മുടെ ഭരണഘടനയുടെ ആമുഖം തന്നെ ആധുനിക ഇന്ത്യ എങ്ങനെയായിരിക്കണമെന്ന് വ്യക്തമാകുന്നു. ജനാധിപത്യം, മതേതരത്വം, സോഷ്യലിസം എന്നീ മൂല്യങ്ങളിലധിഷ്ഠിതമായ പരമാധികാര രാജ്യമാണ് ഇന്ത്യ. എന്നാൽ ഇന്ന് അധികാരത്തിലിരിക്കുന്ന ബി.ജെ.പി. സർക്കാർ ഭരണഘടനയുടെ അടിസ്ഥാനമൂല്യങ്ങൾക്കെതിരെ വെല്ലുവിളി ഉയർത്തുകയാണ്. മനുസ്മൃതി ആശയങ്ങളുടെ വക്താക്കളാണവർ. നരേന്ദ്രമോഡിയുടെ നേതൃത്വത്തിൽ അധികാരത്തിൽ വന്ന NDA സർക്കാർ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പരസ്യത്തിൽ 1976ന് മുമ്പുള്ള ഭരണഘടന പ്രസിദ്ധീകരിച്ചത് സോഷ്യലിസം ഞങ്ങൾ അംഗീകരിക്കുന്നില്ലായെന്ന പ്രഖ്യാപനമായിരുന്നു. ഹിന്ദുത്വത്തിനുവേണ്ടി നിലകൊള്ളുന്ന ഭരണാധികാരികൾ മതനിരപേക്ഷതയെന്ന ആശയത്തെ നിരാകരിച്ചുകൊണ്ട് പരമാധികാരം രാഷ്ട്രത്തിനല്ല പ്രധാനമന്ത്രിക്ക് അവകാശപ്പെട്ടതാണ് എന്ന നിലപാടാണ് പ്രധാനമന്ത്രി സ്വീകരിക്കുന്നത്.

നമ്മുടെ രാജ്യത്ത് ലിംഗസമത്വം ഭരണഘടനാപരമായ അവകാശമായി നിലനിൽക്കുമ്പോഴും നമ്മുടെ പൗരബോധം ഈ ദിശയിൽ വേണ്ടത്ര വളർന്നിട്ടില്ല. ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളിൽ 14-ാം അനുഛേദം പ്രകാരം നിയമത്തിന്റെ മുമ്പാകെ സമത്വവും, സമമായ സംരക്ഷണവും ഉറപ്പുവരുത്തുന്നു. നിയമത്തിന്റെ മുന്നിൽ തുല്യത എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എല്ലാവർക്കും ഒരേ നിയമം എന്നതല്ല. അനുഛേദം 15(3) പ്രകാരം സ്ത്രീകൾക്കും പ്രത്യേക പരിഗണന നൽകുന്നതിനും Sec 15(4) അനുസരിച്ച് സാമൂഹ്യ പിന്നാക്കാവസ്ഥ നേരിടുന്ന SC, ST വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനുള്ള നടപടികൾ സർക്കാരിന് സ്വീകരിക്കാം. 17-ാം വകുപ്പ് പ്രകാരം രാജ്യത്ത് തൊട്ടുകൂടായ്മയും അയിത്തവും അംഗീകരിക്കുന്നില്ല. എന്നാൽ ദളിതരേയും സ്ത്രീകളേയും രണ്ടാംകിടക്കാരായി കാണുന്ന നിലപാടാണ് സംഘപരിവാർ ശക്തികൾ സ്വീകരിക്കുന്നത്. ഭരണഘടനയുടെ 21-ാം അനുഛേദം സ്വാതന്ത്ര്യത്തിനുള്ള അവകാശം ഉറപ്പുവരുത്തുന്നു. വ്യക്തിസ്വാതന്ത്ര്യവും സമത്വവും ഇന്ത്യയിലെ സ്ത്രീകളുൾപ്പെടെ എല്ലാ പൗരൻമാർക്കും ഭരണഘടന ഉറപ്പുനൽകുന്നു.

ഭരണഘടനാ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നില്ലായെന്ന് ഉറപ്പുവരുത്താനും മൗലികാവകാശങ്ങൾ ഉറപ്പിച്ചെടുക്കാനും ലജിസ്ളേച്ചറും എക്സിക്യൂട്ടീവും ജുഡീഷ്യറിയും ഒരുപോലെ ബാധ്യസ്ഥരാണ്. എന്നാൽ നമ്മുടെ രാജ്യത്തിന്റെ ഭരണാധികാരം കയ്യാളുന്ന പാർട്ടിനേതാക്കൾ സുപ്രീംകോടതിയെ വെല്ലുവിളിക്കുകയാണ്. ലിംഗസമത്വം ഉറപ്പുവരുത്തിയ സുപ്രീംകോടതിയുടെ ശബരിമല സ്ത്രീപ്രവേശനവിധിക്കെതിരെ സങ്കുചിത രാഷ്ട്രീയം മുൻനിർത്തി അക്രമപരമ്പരകൾ അഴിച്ചുവിടുകയാണവർ.

വിശ്വാസത്തേയും ആചാരത്തേയും ഭരണഘടനാമൂല്യങ്ങൾക്കപ്പുറം പ്രതിഷ്ഠിച്ച് ജനാധിപത്യവ്യവസ്ഥയെതന്നെ തകിടംമറിക്കാനാണവർ ശ്രമിക്കുന്നത്. ഭരണഘടനാ ബെഞ്ചിന്റെ വിധി അംഗീകരിച്ച് സ്ത്രീകൾക്ക് സംരക്ഷണം നൽകിയ കേരള സർക്കാരിനെ അട്ടിമറിക്കാനുള്ള ഗൂഢപദ്ധതികൾ മെനയുകയാണവർ. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഒരു പടവിലും സാന്നിധ്യമല്ലാതിരുന്ന സംഘപരിവാരശക്തികൾ ഭരണഘടനയോട് നിരന്തരം അവമതിപ്പ്

പ്രകടിപ്പിക്കുകയാണ്. യു.ഡി.എഫിന്റെയും സംഘപരിവാരശക്തികളുടേയും രാഷ്ട്രീയ അജണ്ട തിരിച്ചറിഞ്ഞ് പ്രവർത്തിക്കുക എന്നത് ഓരോ ജനാധിപത്യവിശ്വാസിയുടേയും ഉത്തരവാദിത്തമായി മാറിയിരിക്കുന്നു. ലിംഗസമത്വമെന്ന ഭരണഘടനാ ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനും, രാജ്യത്തിന്റെ മഹത്തായ ഭരണഘടനാമൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും എല്ലാവരും രംഗത്ത് വരണമെന്ന് ഈ സമ്മേളനം ആഹ്വാനം ചെയ്യുന്നു.

## അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരായ പ്രതിരോധങ്ങൾ ശക്തിപ്പെടുത്തുക

ലോകം കൂടുതൽ കൂടുതൽ പരിഷ്കൃത ആശയങ്ങളിലേയ്ക്ക് കുതിക്കുമ്പോൾ അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും അപരിഷ്കൃത ലോകത്തേയ്ക്ക് സമൂഹത്തെ ചവിട്ടിതാഴ്ത്താൻ ബോധപൂർവ്വം ശ്രമിക്കുന്ന പ്രതിലോമശക്തികളെ ഒറ്റപ്പെടുത്തേണ്ടതുണ്ട്. മതവും മതാധിഷ്ഠിതമായ ജാതിചിന്തകളും എന്നും സമൂഹത്തിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അടിച്ചേൽപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. ശാസ്ത്രം പുരോഗമിച്ചതോടെ, ആധുനിക വിദ്യാഭ്യാസം ലോകം സ്വീകരിച്ചുതുടങ്ങിയതോടെ അന്ധവിശ്വാസങ്ങൾ പലതും തകർന്നടിഞ്ഞു. 1514-ൽ കോപ്പർനിക്കസ് പ്രപഞ്ചത്തിന്റെ കേന്ദ്രം സൂര്യനാണ് എന്ന് പ്രഖ്യാപിച്ചപ്പോഴും 1633-ൽ ഗലീലിയോ കോപ്പർനിക്കസിന്റെ പ്രപഞ്ചസങ്കല്പത്തെ അംഗീകരിച്ചപ്പോഴും മതം രണ്ടുപേരെയും തള്ളിപ്പറഞ്ഞു. ഗലീലിയോയെ കുറ്റവിചാരണ നടത്തി തടവ്ശിക്ഷയ്ക്ക് വിധിച്ചു. 1431-നും 1499-നും ഇടയ്ക്കുള്ള ഇരുണ്ട യുഗത്തിൽ ശാസ്ത്രയുക്തികൾക്ക് വിധേയമായി അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും തള്ളിപ്പറഞ്ഞ പതിനായിരത്തോളം പുരോഗമനവിശ്വാസികളെ മതഭ്രഷ്ട് ചുമത്തി ജീവനോടെ ചുട്ടെരിച്ച ചരിത്രം സ്പെയിനിൽ ഉണ്ട്. ശാസ്ത്രം പുരോഗമിച്ചപ്പോൾ പഴയകാല തെറ്റുകൾക്ക് മതപുരോഹിതർ ചരിത്രത്തോട് മാപ്പ് പറയുന്നതിനും ലോകം സാക്ഷിയായി. എന്നാൽ ഇന്ത്യയിൽ ചാതുർവർണ്യ സിദ്ധാന്തത്തിലും മനുസ്മൃതിയിലും അധിഷ്ഠിതമായ രാഷ്ട്രീയവും അധികാരവും നിലനിർത്താൻ ബി.ജെ.പി.യും സംഘപരിവാർ ശക്തികളും അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും തിരികെക്കൊണ്ടുവരുവാൻ ശ്രമിക്കുകയാണ്. ലോകം അംഗീകരിച്ച ഡാർവിന്റെ പരിണാമസിദ്ധാന്തം തെറ്റാണെന്നും സ്കൂളുകളിലും കോളേജുകളിലും പഠിപ്പിക്കരുത് എന്നും ബി.ജെ.പി.യുടെ കേന്ദ്രമാനവശേഷി വികസന സഹമന്ത്രി സത്യപാൽസിംഗ് പ്രസ്താവിച്ചത് അടുത്തകാലത്താണ്. പുഷ്പക വിമാനവും ഐ.ഐ.ടി.യിൽ പഠിപ്പിക്കണം എന്നും പ്രസ്താവിച്ചു അദ്ദേഹം. കൗരവരുടെ ജനനം ക്ലോണിംഗ് വഴിയാണ് എന്നും ഗണപതി പ്ലാസ്റ്റിക് സർജറിയുടെ ഫലമാണെന്നും പറഞ്ഞത് ഇന്ത്യയുടെ പ്രധാനമന്ത്രി നരേന്ദ്രമോഡിയാണ്. സംഘപരിവാർ ഭരണകാലത്ത് രാജ്യത്ത് വർദ്ധിച്ചുവരുന്ന അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പ്രതികരിച്ച നരേന്ദ്ര ധാബോൽക്കറെയും ഗൗരി ലങ്കേഷിനെയും ഗോവിന്ദ് പൻസാരെയും കൽബുർഗിയേയും വധിച്ചത് വലതുപക്ഷ തീവ്രവാദി ഹിന്ദുസംഘങ്ങളിലെ അംഗങ്ങളാണ്.

പഴയകാലത്തെ ദുരാചാരങ്ങളെ മുറുകെ പിടിച്ചിരുന്നതിന്റെ തുടർച്ചയാണ് ശബരിമല സ്ത്രീപ്രവേശന വിഷയത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്നത്. ജാതീയമായ അടിച്ചമർത്തലുകളും സാമൂഹ്യതിന്മകളും അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും മറുപുറമാണ്. ദുരാചാരങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമ്പോഴൊക്കെ വിശ്വാസത്തിന്റെ പേര് പറഞ്ഞ് എതിർപ്പുകൾ ഉയർന്ന് വന്നിട്ടുണ്ട്. സതി നിരോധിച്ചപ്പോഴും, മാറുമറയ്ക്കാൻ വസ്ത്രധാരണ സ്വാതന്ത്ര്യം പ്രഖ്യാപിച്ചപ്പോഴും, മണ്ണാപ്പേടി, പുലപ്പേടി നിർത്തലാക്കിയപ്പോഴും മുലക്കരം

നിരോധിച്ചപ്പോഴും അയിത്തം നിയമംമൂലം അവസാനിച്ചപ്പോഴും ശക്തമായ എതിർപ്പുകൾ ഉയർന്നുവരികയും പുരോഗമന സമൂഹം ആ എതിർപ്പുകളെ അതിജീവിക്കുകയും ചെയ്തിട്ടുണ്ട്. ആർത്തവം അയിത്തമാണെന്ന അന്ധവിശ്വാസമാണ് ശബരിമല സ്ത്രീപ്രവേശന വിഷയത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ബി.ജെ.പി, കോൺഗ്രസ് കൂട്ടുകെട്ട് ഒരുവിഭാഗം സ്ത്രീകളെയും സമൂഹത്തെയും ഇരുണ്ട യുഗത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുകയാണ്. ഇവർ നാട്ടിൽ വേര് പിടിപ്പിക്കാൻ ശ്രമിക്കുന്ന എല്ലാ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ശാസ്ത്ര അവബോധത്തിന്റെ ദൃഢമായ മണ്ണിൽ നിലയുറപ്പിച്ച് ചെറുതോൽപ്പിക്കാൻ എല്ലാ അധ്യാപകരും മുന്നിട്ടിറങ്ങണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുകയാണ്.

## രാജ്യത്തിന്റെ നട്ടെല്ലായ കാർഷികമേഖല സംരക്ഷിക്കുക

ഇന്ത്യൻ സമ്പദ്ഘടനയുടെ നട്ടെല്ലായ കാർഷികമേഖല കടുത്ത പ്രതിസന്ധിയിലാണ്. കാർഷിക രാജ്യമായ ഇന്ത്യയിൽ 65%ത്തോളം ജനങ്ങൾ കൃഷിയെ ആശ്രയിച്ചാണ് ഇന്നും ജീവിക്കുന്നത്. 1990-കളിൽ നരസിംഹറാവുവിന്റെ കാലത്ത് ആരംഭിച്ച നവ ഉദാരവത്ക്കരണ നയങ്ങളാണ് ഈ പ്രതിസന്ധി സൃഷ്ടിച്ചത്. തൊണ്ണൂറുകളിൽതന്നെ ഈ നയങ്ങൾ രാജ്യത്തിന്റെ കാർഷികമേഖലയെ തകർക്കുമെന്നും സമ്പദ്ഘടനയെ പ്രതിസന്ധിയിലാക്കുമെന്നും പുരോഗമന ഇടതുപക്ഷ പ്രസ്ഥാനങ്ങൾ മുന്നറിയിപ്പ് നൽകിയിരുന്നു. എന്നാൽ കോൺഗ്രസ് ഉൾപ്പെടെയുള്ള വലതുപക്ഷ രാഷ്ട്രീയ പാർട്ടികൾ ഈ നയങ്ങൾ നടപ്പിലാക്കുന്നതിലൂടെ രാജ്യത്തെ കാർഷികമേഖലയ്ക്ക് വമ്പിച്ച നേട്ടങ്ങളാണ് ഉണ്ടാകാൻ പോകുന്നതെന്ന് പ്രചരിപ്പിച്ചു.

ഉദാരവത്ക്കരണത്തിന്റെ ഭാഗമായി വിദേശരാജ്യങ്ങളുമായി ചേർന്ന് ഒപ്പിട്ട 'ആസിയൻ' കരാർ ഉൾപ്പെടെയുള്ള സ്വതന്ത്ര വ്യാപാര കരാറുകൾ രാജ്യത്തെ കാർഷികമേഖലയ്ക്ക് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. കോർപ്പറേറ്റു താൽപര്യങ്ങൾ കൂടി ഈ മേഖലയിലേക്ക് കടന്നുവന്നതോടെ നൽകിയിരുന്ന സഹായങ്ങളും സൗജന്യങ്ങളും ഘട്ടംഘട്ടമായി ഇല്ലാതാക്കുന്ന നടപടികളാണ് യു.പി.എ.യും, എൻ.ഡി.എ.യും സ്വീകരിച്ചത്.

2014-ൽ പാർലമെന്റ് തെരഞ്ഞെടുപ്പിനെ നേരിടുന്ന ഘട്ടത്തിൽ ബി.ജെ.പി. അധികാരത്തിൽ വന്നാൽ കാർഷിക മേഖലയെ സംരക്ഷിക്കുമെന്നും സ്വാമിനാഥൻ കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കുമെന്നും രാജ്യത്തെ കർഷകർക്ക് നരേന്ദ്രമോദി ഉൾപ്പെടെയുള്ള നേതാക്കൾ വാഗ്ദാനം നൽകി. പിന്നിട്ട നാലരവർഷം കാർഷികമേഖലയ്ക്ക് കടുത്ത പ്രതിസന്ധി മാത്രമാണ് മോദി സമ്മാനിച്ചത്.

കാർഷികവിളകൾക്ക് ഉല്പാദനച്ചെലവിന്റെ 50 ശതമാനം കൂട്ടിച്ചേർത്ത് സംഭരണവില നൽകുമെന്ന വാഗ്ദാനം നടപ്പിലാക്കാൻ സർക്കാർ തയ്യാറായില്ല. കർഷകർക്ക് പലിശരഹിത വായ്പ അനുവദിക്കുക, ഭൂരഹിത കർഷകർക്ക് കുറഞ്ഞത് ഒരു ഏക്കർ ഭൂമി നൽകുക, വിള ഇൻഷൂറൻസ് ഉറപ്പാക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ നടപ്പാക്കാതെ കർഷകരെ വഞ്ചിക്കുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചത്.

കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കാർഷിക വളർച്ചാനിരക്കിൽ വലിയ ഇടിവാണ് സംഭവിച്ചിരിക്കുന്നത്. കർഷകർക്കു മതിയായ വില ലഭിക്കാത്തതിനാൽ വിളവെടുക്കാൻപോലും കഴിയാതെ വിളകൾ നശിപ്പിച്ചുകളയേണ്ട ഗതികേടിലാണ് കർഷകർ. ക്ഷീരകർഷകർ പാലുല്പന്നങ്ങൾക്ക് വില ലഭിക്കാത്തതിനാൽ പാൽ തെരുവിൽ ഒഴുക്കുന്നു. വഴുതിനയ്ക്ക് കിലോയ്ക്ക് 20 പൈസയായി താഴ്ന്നതിനെ തുടർന്ന് വിളവെടുക്കാതെ ഏക്കർകണക്കിന്

കൃഷിയിടം നശിപ്പിക്കുന്നു. കാർഷിക കടത്തിന് ഇളവുകൾ അനുവദിക്കാത്തതിനെ തുടർന്ന് ജപ്തി നടപടികൾ ഭയന്ന് ആയിരക്കണക്കിന് കർഷകരാണ് ആത്മഹത്യയിൽ അഭയംപ്രാപിച്ചത്. കർഷകർക്ക് ആശ്വാസം പകരാൻ ലക്ഷ്യമിട്ട വിള ഇൻഷൂറൻസ് പദ്ധതിപോലും വൻകിട കോർപ്പറേറ്റുകൾക്ക് സമ്പത്ത് കൊള്ളയടിക്കാനുള്ള പരിപാടിയാക്കി മാറ്റുകയാണ് സർക്കാർ ചെയ്തത്.

പുതിയ കേന്ദ്ര ബഡ്ജറ്റിലും കർഷകർക്ക് ആശ്വാസം പകരുന്ന പ്രഖ്യാപനങ്ങളൊന്നും ഉണ്ടായിട്ടില്ല. കിസാൻ കാർഡും സബ്സിഡിയും നടപ്പാക്കാനിടയില്ലാത്ത വാദ്ഗാനങ്ങളും കാണിച്ച് കർഷകരെ വീണ്ടും പറ്റിക്കാനുള്ള ശ്രമമാണ് സർക്കാർ പുതിയ ബഡ്ജറ്റിലും നടത്തിയിട്ടുള്ളത്.

ഈ ദുരിതങ്ങൾക്കെല്ലാം പരിഹാരം ആത്മഹത്യയല്ല, ഇതിനു കാരണമായ നയങ്ങൾ തിരുത്തിക്കുന്നതിനുള്ള പോരാട്ടമാണെന്ന തിരിച്ചറിവിലേയ്ക്ക് പതിയെ ഇന്ത്യൻ കർഷകർ എത്തിക്കൊണ്ടിരിക്കുന്നു. ഇതിന്റെ തെളിവുകളാണ് രാജ്യത്തെ ഉയർന്ന പങ്കാളിത്തത്തോടെയുള്ള കർഷക പ്രക്ഷോഭങ്ങൾ, മഹാരാഷ്ട്രയിലെ കർഷകരുടെ ലോങ്ങ് മാർച്ച്, രാജസ്ഥാനിൽ 10 ദിവസം നീണ്ടുനിന്ന സെക്രട്ടറിയേറ്റ് വളയൽ സമരം, ഡൽഹിയിൽ 2 ലക്ഷത്തിലധികം പേർ പങ്കെടുത്ത കിസാൻ – മസ്ദൂർ സംഘർഷ് റാലി, ഡൽഹിയിൽ നടന്ന കിസാൻ പാർലമെന്റ് തുടങ്ങിയ സമരങ്ങൾ ചരിത്രത്തിൽ ഇടംപിടിച്ചിരിക്കുന്നു.

ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ച് കർഷകർ നടത്തുന്ന പ്രക്ഷോഭങ്ങളെ കണ്ടില്ലെന്നു നടിക്കുന്ന കേന്ദ്രസർക്കാർ നയം തിരുത്തണമെന്നും കോർപ്പറേറ്റ് താല്പര്യങ്ങൾ ഉപേക്ഷിച്ച് രാജ്യത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലായ കാർഷികമേഖലയെ രക്ഷിക്കുന്നതിൽ സ്വാമിനാഥൻ കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കണമെന്നും ഈ സമ്മേളനം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.

## വിലക്കയറ്റം തടയുക

രാജ്യത്ത് അതിരൂക്ഷമായ വിലക്കയറ്റം സൃഷ്ടിക്കുന്ന നടപടികളാണ് കേന്ദ്രസർക്കാർ കൈക്കൊള്ളുന്നത്. വിലക്കയറ്റം തടയുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നില്ലെന്നു മാത്രമല്ല സർക്കാർ നേതൃത്വത്തിൽ തന്നെ വിലക്കയറ്റം സൃഷ്ടിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിലുള്ള വിലക്കയറ്റം ഈ സാമ്പത്തിക വർഷത്തിൽ ഏറ്റവും ഉയർന്ന അവസ്ഥയിലാണ്. ഭക്ഷ്യവസ്തുക്കളുടേയും പച്ചക്കറികളുടേയും വില കുതിച്ചുയർന്നുകൊണ്ടിരിക്കുന്നു. ഉത്പന്നങ്ങൾക്ക് വില ലഭിക്കാതെ കർഷകർ ഉത്പന്നങ്ങൾ ഉപേക്ഷിക്കുന്ന ഘട്ടത്തിലും പൊതുവിപണിയിൽ വിലക്കയറ്റം രൂക്ഷമാവുകയാണ്.

പെട്രോളിയം ഉത്പന്നങ്ങളുടെ വില സർവ്വകാല റെക്കോർഡിലെത്തിയതും ഈ സാമ്പത്തിക വർഷമാണ്. പെട്രോളിയം ഉത്പന്നങ്ങളുടെ വില നിർണ്ണയിക്കുന്നതിനുള്ള അധികാരം കമ്പനികൾക്ക് വിട്ടുനൽകിയത് കഴിഞ്ഞ യു.പി.എ. ഭരണത്തിലാണ്. ഈ നയംതന്നെ പിന്തുടർന്ന മോദി സർക്കാർ പെട്രോളിയം ഉത്പന്നങ്ങളുടെ വില ഓരോ ദിവസവും നിർണ്ണയിക്കുന്ന പരിഷ്കാരം നടപ്പിലാക്കുകയും അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡോയിലിന്റെ വില കുറയുന്ന കാലഘട്ടങ്ങളിലെല്ലാം തന്നെ എക്സൈസ് തീരുവയിൽ വർദ്ധനവരുത്തി വില ഇളവനുവദിക്കാതിരിക്കുകയും ചെയ്തു. മോദി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് തീരുവയിൽ 16 തവണ വർദ്ധന വരുത്തി. ഇത്തരത്തിൽ എണ്ണകമ്പനികളുടെ

കൊള്ളയ്ക്ക് കൂട്ടുനിൽക്കുകയാണ് സർക്കാർ. നികുതി കുറച്ച് എണ്ണവില കുറക്കാൻ ബാധ്യ തപ്പെട്ട കേന്ദ്രസർക്കാർ എല്ലാം സംസ്ഥാന സർക്കാരുകളുടെ ഉത്തരവാദിത്വമാണെന്നു പറഞ്ഞ് മാറിനിൽക്കുകയാണ്. നോട്ട് നിരോധനം സൃഷ്ടിച്ച ആഘാതത്തിൽ നിന്ന് മുക്തമാവും മുൻപ് ജി.എസ്.ടി. അടിച്ചേൽപ്പിച്ച് ജനജീവിതം ദുസ്സഹമാക്കി മാറ്റി. തിരഞ്ഞെടുപ്പ് മുന്നിൽക്കണ്ട് ജി.എസ്.ടി.യിൽ ചില ഇളവുകൾ വരുത്തിയിട്ടുണ്ടെങ്കിലും അതെല്ലാം താത്ക്കാലികമാണെന്ന അനുഭവങ്ങൾ നമുക്ക് മുന്നിലുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ സംഭരണവും വിതരണവും പൂർണ്ണ മായും സ്വകാര്യവത്കരിക്കപ്പെട്ടു കഴിഞ്ഞു. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ നോക്കുകു ത്തിയായി. നവലിബറൽ പരിഷ്കാരങ്ങളുടെ രണ്ടാംഘട്ടം അതിവേഗം നടപ്പിലാക്കുന്ന കേന്ദ്ര സർക്കാർ ജനജീവിതം ദുസ്സഹമാക്കുകയാണ്. സാധാരണ ജനങ്ങളെ പട്ടിണിയിലേക്ക് തള്ളി വിടുന്ന വിലക്കയറ്റം സൃഷ്ടിക്കുന്ന കേന്ദ്രനയങ്ങൾ തിരുത്തണമെന്നും വിലക്കയറ്റം തടയ ണമെന്നും ഈ സമ്മേളനം ആവശ്യപ്പെടുന്നു.